കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2022 ഫെബ്രുവരി
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





വായനശാല
(കഥ)
**സക്കറിയ**
വില ₹40




പൂച്ചക്കുട്ടികളുടെ വീട്
(കഥ)
**ടി പത്മനാഭൻ**
വില ₹60



ഉണ്ടക്കണ്ണന്റെ കാഴ്ചകൾ
(കഥകൾ)
**കെ വി മോഹൻകുമാർ**
വില ₹90




ഓലപ്പൂക്കൾ
(കവിത) **വിനോദ് വൈശാഖി**
വില ₹80



നല്ല സമരിയാക്കാരനും മറ്റു കഥകളും
(കഥ)
പുനരാഖ്യാനം: **എൻ എസ് ഐസക്**
വില ₹50





സത്യം വിചിത്രം
(ശാസ്ത്രം)
**പള്ളിയറ ശ്രീധരൻ**
വില ₹70





24x7 ഫുഡ്കോർട്ട്
(കഥ)
**അനിത എസ്**
വില ₹70




രാവണായനം
(പുനരാഖ്യാനം)
**പ്രൊഫ. പി രാമചന്ദ്രമേനോൻ**
വില ₹190.00




നൂറ്റാണ്ടിന്റെ വിസ്മയം
(ജീവചരിത്രം)
**കെ എ ഫ്രാൻസിസ്**
വില ₹90



അൽഗോരിതങ്ങളുടെ നാട് (നോവൽ)
**ഉണ്ണി അമ്മയമ്പലം**
വില ₹100.00




ചിമ്മിനിവെട്ടം
(കവിത)
**മനോജ് മണിയൂർ**
വില ₹60

**കൂടുതൽ പുസ്തകങ്ങൾക്ക്**
**website : www.ksicl.org**

**കോപ്പികൾക്ക്**


**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org

**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം


ഫെബ്രുവരി 2022
വില ₹20
വാർഷികവരിസംഖ്യ ₹200

## ഉള്ളടക്കം

## മാനത്തേക്കു പറക്കുന്ന നക്ഷത്രങ്ങൾ

**പി എ അബ്ദുൽ കരീം**

06



ഉപയോഗിച്ച് ബാക്കി കിടന്നിരുന്ന ചാർട്ടുപേപ്പറുകളും പഴയ നോട്ടുബുക്കുകളിലെ എഴുതാത്ത പേജുകളുമൊക്കെ വെട്ടി നക്ഷത്രങ്ങൾ ഉണ്ടാക്കുന്ന തിരക്കിലായിരുന്നു അന്നയും അലനും. ബൾബില്ലാത്ത അവരുടെ ആ നക്ഷത്രവിളക്കുകൾ രാത്രിയിൽ വെറും നിഴലു പോലെയാണ് കാണപ്പെട്ടത്. എന്നാൽ അവരുടെ നക്ഷത്രങ്ങൾക്ക് സ്വർണ്ണത്തിളക്കം വന്നത് പെട്ടെന്നായിരുന്നു...

## 'ക്ക' ചേർത്താൽ പഴം ആയി

10

**അനിത എസ്**



നമ്മുടെ വീട്ടുപരിസരത്ത് പലതരം ചെടികൾ നാം വച്ചുപിടിപ്പിക്കാറില്ലേ? മധുരവും പുളിപ്പും ചവർപ്പുമൊക്കെയുള്ള കായ്കനികൾ. എത്ര ഭംഗിയാണ് നമ്മുടെ വീടിനു ചുറ്റും ഇവ കായ്ച്ചുനിൽക്കുന്നതു കാണാൻ... 'ക്ക' ചേർത്താൽ പഴം ആകുന്ന അത്തരം കായ്കനികളെ കുറിച്ചുള്ള ലേഖനമാണിത്.

## വലിയ ലോകത്തിലെ ചെറിയ മനുഷ്യർ

**എം ചന്ദ്രപ്രകാശ്**

28



മലയാളസിനിമയെ അന്തർദേശീയ തലത്തിലേക്കുയർത്തിയ സംവിധായകനായിരുന്നു ജി അരവിന്ദൻ. മാതൃഭൂമി വാരികയിൽ പ്രസിദ്ധീകരിച്ച *ചെറിയ മനുഷ്യനും വലിയ ലോകവും* എന്ന കാർട്ടൂൺ പരമ്പര കാർട്ടൂണിസ്റ്റ് എന്ന നിലയിൽ അദ്ദേഹത്തെ പ്രശസ്തനാക്കി. അന്നത്തെ യുവതലമുറയുടെ ജീവിതാവസ്ഥയും ധർമസങ്കടങ്ങളും രാമു എന്ന കഥാപാത്രത്തിലൂടെ ചിത്രീകരിക്കുകയായിരുന്നു അദ്ദേഹം.


**അകത്തെ പിച്ചകം**.................09
ഇ ജിനൻ

**വൃദ്ധമോഹം**.................15
അസുരമംഗലം വിജയകുമാർ

**പുഷ്കർമേള**.................16
വിജയൻ കോതമ്പത്ത്

**കാറ്റ് വന്നപ്പോൾ**.................23
അനീഷ് കെ അയിലറ

**ആശുമ്മാന്റെ ആട്**.................24
കാപ്പിൽ ഗോപിനാഥൻ

**കടപയാദി**.................31
പള്ളിയറ ശ്രീധരൻ

**വിശപ്പ്**.................32
രജനി സുരേഷ്

**അക്ഷരക്കളികൾ**.................34
ഷാഫി കോട്ടയിൽ

**മരപ്പാവ**.................36
ശ്രീജ ആർ എസ്

**കടൽ കാണുമ്പോൾ**.................37
മധു ആലപ്പടമ്പ്

**നൂലുണ്ട**.................38
ശിവപ്രസാദ് പാലോട്

**ലിയാൻഡർ പെയ്സ്**.................40
സനിൽ പി തോമസ്

**ഇളംതളിര്**.................42

**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**.................47



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**സുധീർ പി വൈ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail :** thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

## എഡിറ്റോറിയൽ

നിങ്ങൾ എല്ലാവരും തളിര് സ്കോളർഷിപ്പ് പരീക്ഷ എഴുതിയില്ലേ? എങ്ങനെയുണ്ടായിരുന്നു പരീക്ഷ? എളുപ്പമായിരുന്നോ?

സ്കൂൾപഠനത്തോടൊപ്പം ഇങ്ങനെയുള്ള സ്കോളർഷിപ്പ് പരീക്ഷകളുടെ പരിശീലനത്തിന് ചെറിയതോതിലെങ്കിലും സമയം കണ്ടെത്തുന്നത് വളരെ നല്ല കാര്യമാണ്. പഠനത്തിന്റെ മടുപ്പും മാറും പുതിയകാര്യങ്ങൾ മനസ്സിലാക്കാനുള്ള നമ്മുടെ ഉള്ളിലെ കൗതുകത്തെ പതിയെ വളർത്തിയെടുക്കാനും കഴിയും. അതുവഴി നമ്മൾ പോലും അറിയാതെ നമ്മുടെ അറിവ് വളർന്നുകൊണ്ടേയിരിക്കും. അങ്ങനെ പഠനം ഏറെ മികവുറ്റതും ആഹ്ലാദപ്രദവും ആകും.

പാഠപുസ്തകങ്ങൾക്കൊപ്പം നമുക്കു ചുറ്റുമുള്ള ചെറുതും വലുതുമായ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ചു മനസ്സിലാക്കുന്നത് പഠനം രസകരമാക്കുന്നതിനൊപ്പം നമ്മുടെ ഈ വിശാലമായ ലോകത്തിനെ കൂടുതൽ അറിയാൻ കൂട്ടുകാരെ പ്രാപ്തരാക്കുകയും ചെയ്യും. നമുക്കു ചുറ്റുമൊന്നു കണ്ണോടിച്ചാൽ തന്നെ എന്തൊക്കെ കൗതുകങ്ങളാണ് നമ്മെ അത്ഭുതപ്പെടുത്തുന്നത്. അവയുടെയൊക്കെ പൊരുൾ അറിയാൻ കൂട്ടുകാർ ശ്രമിക്കാറുണ്ടോ... അങ്ങനെ ശ്രമിക്കുമ്പോഴാണ് നമ്മുടെ മനസ്സും അറിവും ചിന്തകളുമൊക്കെ കൂടുതൽ വിശാലമാകുന്നത്. വിശാലമായ കാഴ്ചപ്പാടുണ്ടാവുമ്പോഴേ നമുക്ക് ജീവിത



വര: ബേബി എം പ്രഭ

ത്തിൽ വിജയിച്ചു മുന്നേറാനാവൂ... പ്രശ്നങ്ങളെ സധൈര്യം നേരിട്ട് ഏതു പ്രതിസന്ധിഘട്ടത്തെയും അതിജീവിച്ചു വിജയം കൈവരിക്കാൻ നമുക്കു ചുറ്റുമുള്ള ലോകത്തെ നാം കൂടുതൽ അറിയേണ്ടതായിട്ടുണ്ട്... അതിനു നാം നല്ല വായനക്കാരാകണം, നല്ല കാഴ്ചക്കാരും കേൾവിക്കാരുമാകണം. പാഠപുസ്തക ങ്ങൾക്കു പുറമേ നല്ല നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു വായിക്കുന്നത് ശീലമാക്കണം. അങ്ങനെ നിങ്ങളുടെ അറിവും ചിന്താശക്തിയും കൂടുതൽ വിശാലമാവട്ടെ. നിങ്ങളുടെ ഓരോ കാൽവയ്പ്പും കൂടുതൽ ദൃഢമാവട്ടെ. ജീവിതവിജയം എന്നും നിങ്ങൾക്കൊപ്പമാവട്ടെ...

എല്ലാവർക്കും തളിരിന്റെ ആശംസകൾ...

സ്നേഹത്തോടെ,
**പള്ളിയറ ശ്രീധരൻ**
എഡിറ്റർ



## മക്കളേ കളിക്കാം ചിരിക്കാം പഠിക്കാം



കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകമേള വേദിയിൽ.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ബാലവകാശ കമ്മീഷൻ, കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ‘മക്കളേ കളിക്കാം ചിരിക്കാം പഠിക്കാം’ എന്ന പരിപാടി മജീഷ്യൻ മുതുകാട് അവതരിപ്പിച്ചു. ബാലാവകാശ കമ്മീഷൻ ചെയർമാൻ ശ്രീ. കെ വി മനോജ്കുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. ഡോ. ശിവദാസൻ എം പി, ലൈബ്രറി കൗൺസിൽ സെക്രട്ടറി ശ്രീ. പി കെ വിജയൻ, ശ്രീ. മനോജ്കുമാർ പഴശ്ശി എന്നിവർ സംസാരിച്ചു. ജില്ലയിലെ ആയിരക്കണക്കിന് ലൈബ്രറികളെ പ്രതിനിധീകരി ച്ചെത്തിയ ബാലവേദി കൂട്ടുകാരാണ് പരിപാടിയിൽ പങ്കെടുത്തത്.

കഥ

# മാനത്തേക്കു പറക്കുന്ന നക്ഷത്രങ്ങൾ

**പി എ അബ്ദുൽ കരീം**



വര:സന്തോഷ് വെളിയന്നൂർ

ഉപയോഗിച്ച് ബാക്കി കിടന്നിരുന്ന ചാർട്ടുപേപ്പറുകളുടെ ചില കഷണങ്ങളും പഴയ നോട്ടുബുക്കുകളിലെ എഴുതാത്ത പേജുകളുമൊക്കെ വെട്ടിയൊരുക്കുന്നതിൽ മുഴുകിയിരിക്കുകയാണ് അന്നയും അലനും. രാവിലെ തുടങ്ങിയ അധ്വാനമാണ്. മൂർച്ച കുറഞ്ഞൊരു കത്രികയും പശയായി, നന്നായി വെന്ത അല്പം ചോറും വരണ്ടുണങ്ങിയ വാട്ടർ കളറുകളും ഒരു ചട്ടിയിൽ വെള്ളവും നൂലും ഈർക്കിലുമെല്ലാം ചുറ്റുമുണ്ട്. പരിശ്രമത്തിനൊടുവിൽ അവർ ഒന്നുരണ്ടു കൊച്ചു നക്ഷത്രങ്ങളുണ്ടാക്കി. ഈർക്കിലൊക്കെ കാണാത്ത മട്ടിൽ ഉടച്ച ചോറുതേച്ച് ഒട്ടിച്ചെടുത്തു. അല്പനേരം വെയിലത്തുവച്ച് ഉണക്കണം. അന്നയും അലനും നക്ഷത്രമോരോന്നും തികഞ്ഞ ശ്രദ്ധയോടെ മുറ്റത്തെ വെയിലിൽ ഉണങ്ങാൻ വച്ചു. പാവാടത്തുമ്പു കൊണ്ട് അവൾ മുഖം തുടച്ചു.

ഇനി നിറം കൊടുക്കണം. ചെറിയൊരു പാലറ്റിലെ ഇത്തിരിയുള്ള വാട്ടർ കളറുകൾ ഒന്നു പയ്യെത്തുടച്ചു. അല്പം വെള്ളം നനച്ചു. പഴയ ടൂത്ത്ബ്രഷ് കൊണ്ട് ചായം കൊടുക്കാം. ഒരു നീണ്ടനൂലിൽ കോർത്ത് മുറ്റത്തെ കുഞ്ഞുമുള്ളാത്ത മരത്തിലും ഉങ്ങിലും തൂക്കി

യിടാം. സ്കൂളിൽനിന്ന് കിട്ടിയ ചെടികൾ ഇപ്പോൾ കൊച്ചു മരങ്ങളായിത്തുടങ്ങിയിരിക്കുന്നു. മുള്ളാത്തയ്ക്കു സമീപം തന്നെ തൊട്ടുരുമ്മി ഒരു ലക്ഷ്മിത്തരുവുമുണ്ട്.

‘‘അല്പം കൂടി അകലം വേണമായിരുന്നു.’’

അമ്മ ഒരുദിവസം പറഞ്ഞു. ‘‘ഒന്നിനെ വെട്ടി ഇനി മറ്റേതു മാത്രം വളരേണ്ട, വളരുമ്പോലെ വളരട്ടെ.’’ അമ്മ ആശ്വസിച്ചു. അപ്പുറത്ത് ഒരു ആര്യവേപ്പും സീതപ്പഴച്ചെടിയും തഴച്ചുവളരുന്ന മുരിങ്ങക്കമ്പുമൊക്കെ വേറെയുമുണ്ട്. വയറു കാളിത്തുടങ്ങിയിരിക്കുന്നു. വല്ലതും കഴിച്ചിട്ടാകാം ബാക്കി പണി. രാത്രിയിലെ ചോറ് തിളപ്പിച്ചൂറ്റിയത് അമ്മ അടച്ചുവച്ചിട്ടുണ്ട്. മുരിങ്ങക്കറിയും ചമ്മന്തിയുമുണ്ട്. എല്ലാം എടുത്തു വച്ച് അന്നയും അലനും കഴിക്കാൻ തുടങ്ങി.

‘‘ചേച്ചീ, ഒരെണ്ണത്തിന് പച്ച നിറം കൊടുക്കാം ട്ടോ.’’ പെട്ടെന്ന് ചോറുരുള ഇറക്കി അന്ന ചിരിയോടു ചിരി.

‘‘ഇതിലിത്ര ചിരിക്കാനെന്തിരിക്കുന്നു?’’

അലന് ദേഷ്യം വന്നു.

‘‘എടാ മണ്ടാ, പച്ച നക്ഷത്രമുണ്ടാകുമോ?’’

‘‘കാണുമായിരിക്കും, മയിൽപ്പീലി പോലുള്ള പച്ച മതി എനിക്ക്.’’

‘‘ശരി, ഒപ്പിക്കാൻ പറ്റുമോന്ന് നോക്കാം. എനിക്ക് ഇളം ചുവപ്പ് മതി.’’ അന്ന പറഞ്ഞു.

തിടുക്കത്തിൽ ഭക്ഷണം കഴിച്ച് അവർ നക്ഷത്രങ്ങൾക്ക് ചായം കൊടുക്കാനിരുന്നു. ഉദ്ദേശിച്ച പോലെ നിറങ്ങളൊന്നും അത്ര തിളങ്ങുന്നില്ല! സാരമില്ല. അത്രയൊക്കെ മതി. പഴയ ടൂത്ത് ബ്രഷ് കൊണ്ട് അവർ നിറം കൊടുത്തു. വീണ്ടും നക്ഷത്രങ്ങൾ വെയിലത്തു കിടന്നു.

ഇതിനിടയ്ക്ക് പാടത്തിനടുത്ത കിണറ്റിൽനിന്ന് മൺകുടത്തിൽ വെള്ളം കൊണ്ടുവരാനും ഉണങ്ങിയ ചുള്ളിക്കമ്പുകളും ചിരട്ടയും അടുപ്പിനടുത്ത് അടുക്കിവയ്ക്കാനും പാത്രങ്ങൾ കഴുകാനും മുറ്റവും മറ്റും തൂത്തുവാരാനും അരുമച്ചെടികൾക്ക് വെള്ളമൊഴിച്ചു കൊടുക്കാനും കോഴിക്കും കുഞ്ഞുങ്ങൾക്കും വെള്ളവും അരിയും കൊടുക്കാനുമൊക്കെ അന്ന സമയം കണ്ടെത്തിയിരുന്നു. അലനും തന്നാലാകുംവിധം ചേച്ചിയെ സഹായിച്ചു. ഉണങ്ങിയ നക്ഷത്രങ്ങൾ രണ്ടു കൈകളിലും തൂക്കി പുഞ്ചിരിയോടെ അലൻ അകത്തെത്തി.

വെയിൽ ചാഞ്ഞുതുടങ്ങി. അല്പം കൂടി കഴിഞ്ഞാൽ അമ്മയെത്തും. അതിരാവിലെ മാളികവീട്ടിലേക്കു ജോലിക്കു പോയാൽ ഇരുട്ടാകുമ്പോഴേ തിരിച്ചെത്തൂ. പാവം അമ്മ. കിതച്ചുകൊണ്ടാവും വരിക. തലയിലെ സഞ്ചിയിൽ അരിയും ഉപ്പും മുളകും ചീരയുമൊക്കെ കാണും. അവർക്കു കഴിക്കാൻ മൂന്നാലു പാളയൻകോടൻ പഴമോ, കപ്പലണ്ടി മുട്ടായിയോ, ഉണ്ണിയപ്പമോ അങ്ങനെ എന്തെങ്കിലുമുണ്ടാകും. ചിലപ്പോൾ ജോലിക്കു നിൽക്കുന്ന വീട്ടിൽ വല്ല വിശേഷവുമുണ്ടെങ്കിൽ പലഹാരമോ പായസമോ ഒക്കെ കാണും. അപൂർവം അവസരങ്ങളിൽ കൂവപ്പായസം വാഴയിലയിൽ കൊണ്ടുവരും. അലന് അത് വളരെ ഇഷ്ടമാണ്. എന്നാലും പഴകിപ്പുളിച്ചതൊന്നും അമ്മ കൊണ്ടുവരാറില്ല.

അപ്പൻ മരിക്കുമ്പോൾ അന്ന മൂന്നിലും അനിയൻ ഒന്നിലുമാണ്. ഇപ്പോൾ അവർ അഞ്ചിലും മൂന്നിലും.

സ്കൂളിലേക്കു പോകുമ്പോൾ പല കടകളുടെ മുമ്പിലും മനോഹരമായ നക്ഷത്രങ്ങൾ തൂങ്ങിക്കിടക്കുന്നതു നോക്കി അലൻ വാ പൊളിച്ചു നിൽക്കും. അന്ന അതൊന്നും നോക്കാതെ അനിയനെയും വലിച്ച് ധൃതിപ്പെട്ട് സ്കൂളിലേക്കു നടക്കും. നല്ലൊരു നക്ഷത്രം വാങ്ങണമെന്ന് അവൾക്കും മോഹമില്ലാതില്ല. അതിനു പണം വേണ്ടേ? ഇങ്ങനെയൊക്കെ കഴിഞ്ഞുപോകാൻതന്നെ അമ്മ പെടാപ്പാടുപെടുന്നത് കാണുമ്പോൾ ആഗ്രഹമൊക്കെ ആവിയായിപ്പോകും. അയൽപക്കത്തെ വീടുകളിലെല്ലാം നിറപ്പകിട്ടാർന്ന നക്ഷത്രങ്ങൾ തിളങ്ങിയാടുന്നുണ്ട്. ആടട്ടെ. പൈസയുള്ളപ്പോൾ അതൊക്കെയാവാം. നന്നായി പഠിക്കാൻ അവർക്ക് വലിയ ഇഷ്ടമാണ്. അവൾക്ക് ആദ്യമായി സ്കോളർഷിപ്പു കിട്ടിയപ്പോൾ രാധ ടീച്ചർ പറഞ്ഞതോർമയുണ്ട്.

**വെയിൽ ചാഞ്ഞുതുടങ്ങി. അല്പം കൂടി കഴിഞ്ഞാൽ അമ്മയെത്തും. അതിരാവിലെ മാളികവീട്ടിലേക്കു ജോലിക്കു പോയാൽ ഇരുട്ടാകുമ്പോഴേ തിരിച്ചെത്തൂ. പാവം അമ്മ. കിതച്ചുകൊണ്ടാവും വരിക. തലയിലെ സഞ്ചിയിൽ അരിയും ഉപ്പും മുളകും ചീരയുമൊക്കെ കാണും.**

പഠിച്ച് മിടുക്കിയായി ഉദ്യോഗസ്ഥ യാവുക. രാധ ടീച്ചറെപ്പോലെ അധ്യാപികയാകാനാണ് അവൾക്കിഷ്ടം. അലന് പൈലറ്റാകണമത്രേ! എന്നിട്ട് അമ്മയും ചേച്ചിയുമായി ലോകമൊക്കെ കണ്ട് പറന്നുനടക്കുമത്രേ. നന്നായി പഠിച്ചാൽ നടക്കുമെന്ന് രമേശ് സാറും പറഞ്ഞു. എന്നാലങ്ങു പഠിച്ചുകളയുക തന്നെ. എന്നിട്ടു വേണം അമ്മയെ സഹായിക്കാൻ.

തളർച്ചയിലും പുഞ്ചിരിച്ചാണ് അമ്മയുടെ വരവ്. അന്നവർക്ക് ഓരോ പ്ലം കേക്കും ഉണ്ണിയപ്പവുമുണ്ടായിരുന്നു.

അടുപ്പിൽ ചൂടായിക്കിടന്നിരുന്ന വെള്ളവും തണുത്ത വെള്ളവുമായി ചേർത്ത് അമ്മ കുളിച്ചുവന്നു. അവരെല്ലാം കേക്കും ഉണ്ണിയപ്പവും കഴിച്ചു.

''അമ്മേ, ഇതു കണ്ടോ, ടങ്കഡേ'' പിറകിലൊളിപ്പിച്ച നക്ഷത്രങ്ങൾ നാടകീയമായി അമ്മയ്ക്കു മുന്നിൽ കാണിച്ചുകൊണ്ട് അലൻ നിന്നു. അന്ന മൂട്ടവിളക്കിന്റെ തിരി നീട്ടി.

''നന്നായിട്ടുണ്ട്. അല്ല, വളരെ നന്നായിട്ടുണ്ട്.'' സന്തോഷത്തോടെ പറഞ്ഞ് അമ്മ അവരെ ചേർത്തുപിടിച്ചു.

അമ്മയുടെ കണ്ണിൽ കണ്ണുനീർത്തുള്ളികൾ! എന്തുപറ്റി? കണ്ണിൽ പൊടി വീണപോലെ അമ്മ മുണ്ടിൻ തലപ്പുകൊണ്ട് മുഖം തുടച്ചു. അന്ന നക്ഷത്രങ്ങളുമെടുത്ത് പുറത്തേക്കു നടന്നു. പഴയ മരത്തിന്റെ സ്റ്റൂളുമെടുത്ത് അമ്മയും നീളമുള്ള ചരടെടുത്ത് അലനും പിന്നാലെയെത്തി. സ്റ്റൂളിൽനിന്ന് നക്ഷത്രങ്ങൾ ആത്തയിലും ഉങ്ങിലും അവർ തൂക്കിയിട്ടു. സ്കൂളിൽനിന്ന് പരിസ്ഥിതിദിനത്തിൽ ലഭിച്ച തൈകൾ നന്നായി വളർന്നിരിക്കുന്നു. അവർക്കഭിമാനം തോന്നി. അരി തിളച്ചതു നോക്കാൻ അമ്മ പോയപ്പോൾ അവർ അടുത്ത വീടുകളിലേക്കു നോക്കി. വെട്ടിത്തിളങ്ങി ചിരിക്കുകയാണവിടെ നക്ഷത്രങ്ങൾ.

**അമ്മയുടെ കണ്ണിൽ കണ്ണുനീർത്തുള്ളികൾ! എന്തുപറ്റി? കണ്ണിൽ പൊടി വീണപോലെ അമ്മ മുണ്ടിൻ തലപ്പുകൊണ്ട് മുഖം തുടച്ചു. അന്ന നക്ഷത്രങ്ങളുമെടുത്ത് പുറത്തേക്കു നടന്നു. പഴയ മരത്തിന്റെ സ്റ്റൂളുമെടുത്ത് അമ്മയും നീളമുള്ള ചരടെടുത്ത് അലനും പിന്നാലെയെത്തി. സ്റ്റൂളിൽ നിന്ന് നക്ഷത്രങ്ങൾ ആത്തയിലും ഉങ്ങിലും അവർ തൂക്കിയിട്ടു.**

''മഞ്ഞുണ്ട്, മക്കളേ അകത്തു വാ...'' അമ്മ വിളിച്ചു. നേർത്ത നിലാവിൽ പാടവും തെങ്ങിൻ തലപ്പുമൊക്കെ കുളിരണിഞ്ഞുനിൽക്കുകയാണ്. രണ്ടു മൂന്നു ദിവസം കൂടി കഴിഞ്ഞാൽ ക്രിസ്മസ്സായി. വിളക്കുമായി അവർ അകത്തേക്കു നടന്നു.

''ചേച്ചീ, നമ്മുടെ നക്ഷത്ര വിളക്കുകൾ നിഴലുപോലെ.''

''കറണ്ടും ബൾബുമുണ്ടായിരുന്നെങ്കിൽ നമുക്കും മിന്നിക്കാമായിരുന്നു.'' അലന്റെ സങ്കടം.

''സാരമില്ലെടാ, പകൽ കാണാമല്ലോ. പിന്നെ, നാളെ നമുക്ക് പുൽക്കൂടിന്റെ പണി തുടങ്ങണം കേട്ടോ.''

അതു കേട്ടപ്പോൾ അലന് ഒരുന്മേഷം തോന്നി. മൂട്ടവിളക്കിന്റെ വെട്ടത്തിൽ അവർ മൂവരും അത്താഴമുണ്ടു. അമ്മ ശർക്കരപ്പായസമുണ്ടാക്കിയിരുന്നു. ധൃതിപ്പെട്ട് രുചി നോക്കിയ അലന്റെ നാവല്പം പൊള്ളി. നന്നായി ആറിയിട്ടേ പിന്നീടവൻ അതു കഴിച്ചുള്ളൂ.

ക്ഷീണം കൊണ്ടാകും അമ്മ വേഗം ഉറക്കമായി. അലനും ഉറങ്ങിയെന്നു തോന്നുന്നു. അവൾക്കുറക്കം വന്നില്ല.

ഓലവാതിൽ പതുക്കെ തുറന്ന് അന്ന പുറത്തേക്കു വന്നു. നിറഞ്ഞ കണ്ണുകളോടെ അവൾ ചുറ്റും നോക്കി.

പൂനിലാവ്, നിശ്ശബ്ദമായ രാത്രി. ഒരു രാപ്പാടിയുടെ നേർത്ത താരാട്ട്, സാന്ത്വനം പോലെ. നേർത്ത കാറ്റിന്റെ തലോടൽ. അപ്പോഴാണവൾ ആ കാഴ്ച കണ്ടത്! അതിന്റെ സന്തോഷത്തിൽ ആഞ്ഞുവീശുന്ന കാറ്റുപോലെ അവൾ അകത്തേക്കോടി.

''അമ്മേ, അലൻ, അവിടേക്കൊന്നു നോക്കിക്കേ.''

അമ്മയും അലനും ഞെട്ടിയുണർന്നു. അന്നയ്ക്കെന്തോ ആപത്തു പറ്റിയെന്നാണ് അമ്മ വിചാരിച്ചത്. അവർ ആകാംക്ഷയോടെ പുറത്തേക്കു കുതിച്ചു. അവരുടെ നക്ഷത്രങ്ങൾക്ക് സ്വർണ്ണത്തിളക്കം! നവരത്നങ്ങളുടെ ശോഭയോടെ മിന്നിത്തിളങ്ങുന്ന കാഴ്ച! നക്ഷത്രങ്ങൾ മിന്നിമിനുങ്ങുന്നുണ്ട്. തീപ്പൊരിപോലെ ചില രത്നങ്ങൾ മാനത്തേക്കു പറക്കുന്നുണ്ട്! ആ കാഴ്ച കണ്ട് അവരങ്ങനെ മതിമറന്നുനിന്നു. അമ്മ മുകളിലേക്കു നോക്കി അല്പനേരം കണ്ണടച്ചു. ആത്തയിലും ഉങ്ങിലും മുരിങ്ങയിലുമൊക്കെ കൊച്ചു കൊച്ചു നക്ഷത്രങ്ങൾ മിന്നിക്കൊണ്ടേയിരിക്കുന്നു! അന്നയും അലനും അമ്മയോട് ഒട്ടിനിന്ന് അവയോടൊപ്പം ആകാശത്തേക്കു പറക്കുകയായിരുന്നു അപ്പോൾ.

# അകത്തെ പിച്ചകം

ഇ ജിനൻ

ഒറ്റ നക്ഷത്ര-
വിളക്കു പോലുള്ളൊരു
കൊച്ചു പിച്ചക-
പ്പൂവിനെ കണ്ടു ഞാൻ.

ചാറ്റൽ മഴയുള്ള
രാത്രിയിലിന്നലെ
ചാറ്റി വന്നെന്റെ
ലാപ്പിലെ സ്ക്രീനിൽ.

പിച്ചകപ്പൂവേ, നീ
പിച്ചിയെടുത്തുവോ
പിഞ്ചു കുഞ്ഞിന്റെ
പുഞ്ചിരിപ്പല്ലുകൾ?

വെള്ളിനക്ഷത്രം
തിളങ്ങുമാ കണ്ണിലെ
വെൺ വെളിച്ചവും
വറ്റിച്ചെടുത്തുവോ?

ഒന്നു ചോദിക്കട്ടെ
മണ്ണിൽനിന്നെങ്ങനെ
വന്നു ചേർന്നു നീ
ഇന്നെൻ മുറിക്കകം?

കാടറിയാതെയും
നാടറിയാതെയും
കാറ്റിനോടൊപ്പം
പാറിവന്നാകുമോ?

ആറ്റു നോറ്റൊരു
കൂട്ടൊന്നു കിട്ടുവാൻ
കാറ്റിനെത്ര
കൊടുത്തു നീ സൗരഭം?

വാടി നീ വീണു പോ-
കുന്നതിൻ മുൻപേ
ഓടി വന്നതോ
വാടിതൻ ചന്തമേ?

ഉള്ളിലുള്ള കവിതക-
ളാകുമോ,
ഉള്ളറിയാതെ
വിടരുമിതളുകൾ?

കാറ്റിലാടുന്നതല്ല
നീയെന്നു നിൻ
ചാറ്റു ബോക്സിൽ
കുറിച്ചിടുന്നുണ്ട് ഞാൻ



വര: സചീന്ദ്രൻ കാറഡുക്ക



# 'ക്ക' ചേർത്താൽ പഴം ആയി

അനിത എസ്


**നമ്മുടെ വീട്ടുപരിസരത്ത് പലതരം ചെടികൾ നാം വച്ചുപിടിപ്പിക്കാറില്ലേ? മധുരവും പുളിപ്പും ചവർപ്പുമൊക്കെയുള്ള കായ്കനികൾ. എത്ര ഭംഗിയാണ് നമ്മുടെ വീടിനു ചുറ്റും ഇവ കായ്ച്ചുനിൽക്കുന്നതു കാണാൻ... 'ക്ക' ചേർത്താൽ പഴം ആകുന്ന അത്തരം കായ്കനികളെ കുറിച്ചുള്ള ലേഖനമാണിത്.**

ചില സ്കൂൾ/പൊതുസ്ഥല പരിസരങ്ങളിൽ കുപ്പികളിൽ ഉപ്പിലിട്ട് വിൽക്കാൻ വച്ചിരിക്കുന്ന പഴങ്ങൾ മനുവിന് വലിയ ഇഷ്ടം ആണ്. പക്ഷേ, അമ്മ അവ വാങ്ങാനോ കഴിക്കാനോ സമ്മതിക്കില്ല.

''വാ മനൂ, ഞാൻ വീട്ടിൽ ഉണ്ടാക്കിത്തരാം.'' എന്നു പറഞ്ഞ് ഇവയുടെ അടുത്ത് എത്തുമ്പോൾ തന്നെ അവന്റെ കൈ മുറുകെപ്പിടിക്കും.

''നമ്മുടെ പറമ്പിൽ ലവിലവി, മാങ്ങ, നെല്ലി എന്നിവ ഉണ്ടല്ലോ. ഒന്ന് നോക്കൂ മനൂ, മരത്തിന്റെ പേരിന്റെ കൂടെ 'ക്ക' ചേർത്താൽ പഴം ആയി. വീട്ടിൽ എത്തിയാൽ ഞാൻ കാണിച്ചുതരാം.'' മനുവിന്റെ ശ്രദ്ധ മാറ്റാൻ അമ്മയെപ്പോലെ മിടുക്കി ആരും ഇല്ല.

മനു വിട്ടുകൊടുക്കാൻ തയ്യാറല്ല. അത്രയ്ക്കും ഇഷ്ടമാണ് അവനു പഴങ്ങൾ. വീട്ടിൽ എത്തിയാൽ ഉടൻ പറമ്പിലെ 'ക്ക' ചേർത്താൽ പഴങ്ങൾ ആകുന്ന മരങ്ങൾ



കാണിച്ചുതരണം എന്നായി മനു.

രാത്രി അത്താഴത്തിനുള്ള ചപ്പാത്തിക്ക് മാവു കുഴച്ചു വച്ചിട്ടാവാം എന്നായി അമ്മ.

മേല് കഴുകി ഉടുപ്പൊക്കെ മാറ്റി നിൽക്കാൻ മനു അതോടെ തയ്യാറായി.

അത്ര വലിയ പറമ്പൊന്നും അല്ലെങ്കിലും മനുവിന്റെ അച്ഛനും അമ്മയും കൂടി കുറേ മരങ്ങൾ അവിടെ നട്ടിട്ടുണ്ട്.

അടുക്കളയ്ക്ക് പുറത്തിറങ്ങിയാൽ ഒരു വശത്തായി മെലിഞ്ഞ പൊക്കം കൂടിയ ഒരു മരം ഉണ്ട്. മിനുസം ഉള്ള പച്ച ഇലകൾക്കിടയിൽ നിറയെ ചുവന്ന ഇലകൾ കൂടി ഉണ്ട് ഈ മരത്തിന്. ചുവന്ന കായ്കൾ നിലത്ത് വീണുകിടക്കുന്നുമുണ്ട്. മനു അവ പെറുക്കിയെടുത്ത് അമ്മയുടെ കൈയിൽ ഉള്ള ചെറിയ ഒരു മുറത്തിൽ ഇട്ടു.

''ഇതാണ് ലവിലവി മരം. ഇതിന്റെ ഈ കായ്കളെ ലവിലവിക്ക എന്ന് വിളിക്കും. പ്രത്യേക തരം പുളിയാണ്. ഞങ്ങളുടെ കുട്ടിക്കാലത്ത് ഈ പഴത്തിന്റെ നടുക്ക് കത്തി വച്ച് കീറി ഒരു ഉപ്പുകല്ല് കയറ്റി ഉറുഞ്ചി കഴിക്കും. ഹാ, എന്താ സ്വാദ്.''

ഉടൻ തനിക്കും അങ്ങനെ വേണം എന്നായി മനു.

മരംനടത്തം കഴിഞ്ഞ ശേഷം പഴങ്ങൾ കഴുകി ഇത് ചെയ്യാം എന്നതിനോട് ഒട്ടും യോജിപ്പില്ല മനുവിന്. അപ്പോൾ തന്നെ വേണം. അമ്മ അവനു വേണ്ടി ഇത് തയ്യാറാക്കി കൊടുത്തു. പിന്നെ അതും ആസ്വദിച്ചു കൊണ്ടായി മരംകാണൽ.

മിനുസം ഉള്ള തടിയും നിലത്തു തൊടുന്ന ശിഖരങ്ങളും ഉള്ള മങ്ങിയ പച്ച ഇലകൾ ചേർന്ന മരത്തിനടുത്തുപോയി അമ്മ പറഞ്ഞു:

''മനൂ, ഇതാണ് പേരമരം. ഇതിന്റെ കായ പേരക്ക. കണ്ടോ, ഞാൻ പറഞ്ഞ 'ക്ക' ചേർത്താൽ





ലവിലവിക്ക

**പേരയില വളരെ ഔഷധ ഗുണം ഉള്ളതാണ്. അടുത്ത വീട്ടിലെ ശാരദ അമ്മുമ്മ രക്തത്തിലെ പഞ്ചസാര യുടെ അളവ് കുറയ്ക്കാൻ ഈ ഇലകൾ ഇട്ട് തിളപ്പിച്ച വെള്ളം കുടിക്കും. ശാരദ അമ്മുമ്മയുടെ പേരമകൻ റോഷൻ ഇടയ്ക്കിടെ ഇലകൾ പറിക്കുവാൻ ഇങ്ങോട്ടു വരാറുണ്ട്.**





എന്ത് സംഭവിക്കും എന്ന്.''

പക്ഷേ മനു നിരാശയോടെ നോക്കി. അതിൽ കായ്കൾ ഒരെണ്ണം പോലും ഇല്ല.

''സാരമില്ല, കുറച്ചുമാസങ്ങൾ കഴിയുമ്പോൾ ഉണ്ടാകും.''

പേരയില വളരെ ഔഷധ ഗുണം ഉള്ളതാണ്. അടുത്ത വീട്ടിലെ ശാരദ അമ്മുമ്മ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാൻ ഈ ഇലകൾ ഇട്ട് തിളപ്പിച്ച വെള്ളം കുടിക്കും. ശാരദ അമ്മുമ്മയുടെ പേരമകൻ റോഷൻ ഇടയ്ക്കിടെ ഇലകൾ പറിക്കുവാൻ ഇങ്ങോട്ടു വരാറുണ്ട്. അങ്ങനെ വരുമ്പോൾ പലപ്പോഴും ചൂട് ഇലയട, പരിപ്പുവട അങ്ങനെ എന്തെങ്കിലും റോഷന്റെ കൈയിൽ ഉണ്ടാകും. നിശ്ചയം!



അരിനെല്ലിക്ക


നെല്ലിക്ക

ഈ മരത്തിന്. വണ്ണവും ഉണ്ട്. അതിന്റെ തടിയിലെന്നോണം പറ്റിപ്പിടിച്ചു കായ്ച്ചുനിൽക്കുന്ന അനവധി നീളൻ കായകൾ. ഒന്നെടുത്തു കടിച്ചാലോ, അമ്മോ എന്തൊരു പുളി! ജലാംശം ഏറെ ഉള്ള ഇതാണ് പുളിഞ്ചി. പുളിഞ്ചിക്ക ആണ് ഹീറോ.

കൊളസ്ട്രോൾ ഉൾപ്പെടെ മറ്റു പല രോഗങ്ങൾക്കും ശമനം ഈ പഴത്തിൽ ഉണ്ട്. അമ്മയുടെ പുളിഞ്ചിക്ക അച്ചാർ കുടുംബസംഗമങ്ങളിൽ ഇഷ്ട വിഭവം ആണ്.

പറമ്പിന്റെ ഒരു ഓരത്ത് പടർന്നുപന്തലിച്ചു നിൽക്കുന്ന നെല്ലിമരം നോക്കി അമ്മ നെടുവീർപ്പിട്ടു.

''എത്ര കാലം ആയി നട്ടിട്ട്. നല്ല വളർച്ച ഉണ്ട്. പക്ഷേ നെല്ലിക്ക ഒന്നുപോലും ഉണ്ടാകുന്നില്ല.''

മനുവിന്റെ അച്ഛമ്മ ഇടയ്ക്ക് വരുമ്പോൾ 'ഇവന്റെ ഒരു ഉപ്പിലിട് ഭ്രാന്ത്' എന്ന് ചിരിച്ചുകൊണ്ട് ഉറക്കെ പറയും. എന്നിട്ട് സഞ്ചിയിൽനിന്നും ഉപ്പിലിട്ട കാരക്ക എടുത്തുകൊടുക്കും. അച്ഛമ്മ



നീണ്ട നേർത്ത ശാഖകളിൽ വരി വരിയായി ഉള്ള ഇളം പച്ച ഇലകൾ ചേർന്ന മരം ആണ് അരിനെല്ലി. അതിന്റെ ചന്തം ഒന്ന് വേറെ തന്നെ. മുള്ളുകൾ അടർന്നുവീണപോലെ ഉള്ള തടിയിൽ പറ്റിപ്പിടിച്ചു കായ്ച്ചു നിൽക്കുന്ന അരിനെല്ലിക്ക. കായയുടെ നിറവും ഇളം പച്ച.

''ഹായ് അമ്മേ ഇതും പറിക്കണ്ടേ? ഉപ്പിലിട്ടത് എന്താ രുചി!'' അരിനെല്ലിക്ക അടർത്തി എടുത്ത് മനു സന്തോഷം പ്രകടിപ്പിച്ചു. അരിനെല്ലിക്ക കൊണ്ട് അമ്മ അച്ചാറും ഉണ്ടാക്കും.

അരിനെല്ലിയുടെ ഇലകളോട് സാമ്യത ഉള്ള ഇലകൾ. എന്നാൽ അധികം പൊക്കം ഇല്ല


പുളിഞ്ചിക്ക



ചാമ്പക്ക



കാരക്ക

**"ഇതാണ് ചാമ്പമരം. ഇതിന്റെ കൂടെ 'ക്ക' ചേർത്താൽ ചാമ്പക്ക." നല്ല കറുമുറു എന്ന് കടിച്ചു തിന്നാവുന്ന ഈ കായ്കൾ കൊണ്ട് അമ്മ ഒരു തൊട്ടുകറി ഉണ്ടാക്കും. മുളകും കായവും മഞ്ഞളും ചേർത്ത ചെറിയ കഷ്ണങ്ങൾ ആയി അരിഞ്ഞ ചാമ്പയ്ക്കയിൽ ഉപ്പും കൂടി ചേരുമ്പോൾ നല്ല രുചിയാണ്.**



യുടെ വലിയ പറമ്പിൽ കാരമരം ഉണ്ട്. കാരക്കയെക്കാളും കാണാൻ ഭംഗി പൂക്കൾക്കാണ്.

മെലിഞ്ഞ അധികം പൊക്കം ഇല്ലാത്ത നിറയെ ശാഖകൾ ഉള്ള അടുത്ത മരത്തിന്റെ പച്ച ഇലകൾക്കിടയിൽ മറഞ്ഞിരുന്ന് ഒളിച്ചുകളിക്കുകയാണ് അതിന്റെ റോസ് നിറത്തിൽ ഉള്ള കായകൾ.

''ഹായ് ഹായ് അമ്മേ ഇതു നോക്കൂ!''

''ഇതാണ് ചാമ്പമരം. ഇതിന്റെ കൂടെ 'ക്ക' ചേർത്താൽ ചാമ്പക്ക.'' നല്ല കറുമുറു എന്ന് കടിച്ചുതിന്നാവുന്ന ഈ കായ്കൾ കൊണ്ട് അമ്മ ഒരു തൊട്ടുകറി ഉണ്ടാക്കും. മുളകും കായവും മഞ്ഞളും ചേർത്ത ചെറിയ കഷ്ണങ്ങൾ ആയി അരിഞ്ഞ ചാമ്പക്കയിൽ ഉപ്പും കൂടി ചേരുമ്പോൾ നല്ല രുചിയാണ്.


അമ്മയ്ക്ക് വീട്ടിൽ നിറയെ ജോലിയുണ്ട്. അതു മാത്രമോ പറമ്പിലെ മരങ്ങൾ പ്രത്യേകിച്ച് 'ക്ക' ചേർത്താൽ പഴം ആകുന്നവ ഇത്രയേ ഉള്ളൂ.

മനുവിന് ചിന്തിക്കാനും കണ്ടുപിടിക്കാനും ഒരു വിഷയം കൊടുത്തിട്ട് അമ്മ അകത്തേക്കു പോയി. ഒരു ഉദാഹരണവും പറഞ്ഞു. ചെടിയുടെ പേരിൽ 'ക്ക' ചേർത്താൽ പച്ചക്കറി ആകുന്ന കുറേ പേരുകൾ ഉണ്ട്. പാവൽ വള്ളിയിൽ ഉണ്ടാകുന്നത് പാവയ്ക്കാ, അതുപോലെ.

അടുക്കളപ്പടിയിൽ മനുവിനൊപ്പം നിങ്ങളും ഇരുന്ന് ആലോചിക്കൂ...

# വൃദ്ധമോഹം

അസുരമംഗലം വിജയകുമാർ



നാളുകൾ രണ്ടായി, പേരക്കിടാങ്ങളെൻ
തോളത്തു ചാഞ്ഞുകൊണ്ടോതിടുന്നു:
'ഞാവലു,ണ്ടക്കരെ കുന്നിൻ ചരിവിലായ്,
കായ്കൾ പഴുത്തുതുടങ്ങിയത്രെ;
നേരം കളയാതെ മുത്തശ്ശനോടൊത്തു
ഞാവൽ പെറുക്കുവാൻ പോണമത്രെ!'

ബാലകരീവിധം ശാഠ്യം പിടിക്കുകിൽ
പോവുകയല്ലാതെയെന്തു ചെയ്യും?
ഞാവൽപ്പഴം തിന്നു നാവു കറുപ്പിച്ച
ബാല്യകാലങ്ങളെയോർത്തിരിക്കേ
ഞാനുമിന്നാശിച്ചുപോകുന്നു, വീണ്ടുമാ
ഞാവൽമരച്ചോട്ടിലൊന്നു ചെല്ലാൻ!

വാതപ്രമേഹങ്ങൾ, ഹൃദ്രോഗമങ്ങനെ
വാർധക്യരോഗങ്ങളേറിടുമ്പോൾ
ദേഹം മടിക്കുന്നുവെങ്കിലും ശക്തമായ്
മോഹം തുടിക്കുന്നു കുന്നുകേറാൻ!

ചാരത്തൊരുന്നൂവടിയുമായെത്തി,യെൻ
പേരക്കുരുന്നുകൾ കൈപിടിക്കേ
പാദം ചലിക്കുന്നു മുന്നോട്ടതിദ്രുതം,
പാതകൾ താണ്ടുന്നു ഞാനുമൊപ്പം!

പാടവും തോടും കടന്നു ചെന്നക്കരെ
ഭാരിച്ച കേറ്റം കയറിയെത്തും വരെ
പാടില്ലെൻ ഗാത്രമേ, തീരെത്തളരുവാൻ;
പാടില്ല,യീ വൃദ്ധമോഹം കെടുത്തുവാൻ!

വര: സുധീർ പി വൈ

## കാഴ്ചകൾ, കൗതുകങ്ങൾ–

# പുഷ്കർമേള

**വിജയൻ കോതമ്പത്ത്**

**വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഏഷ്യയിൽ തന്നെ ഏഴാം സ്ഥാനത്താണ് ജയ്പൂർ. യുനസ്കോയുടെ ഈ പൈതൃക നഗരത്തിലെ കാഴ്ചകൾ നിരവധിയാണ്. ജൽമഹൽ, ജന്തർമന്ദർ, ഹവാമഹൽ, സിറ്റിപാലസ്, ആമീർ ഫോർട്ട്, ജയ്ഗഡ് കോട്ട എന്നിവയെല്ലാം സഞ്ചാരികളുടെ മനം കവരുന്നവയാണ്. കൂടാതെ ലോകത്തിലെ ഏറ്റവും വലിയ ഒട്ടകച്ചന്തയാണ് രാജസ്ഥാനിലെ പുഷ്കറിലുള്ള ഒട്ടകച്ചന്ത. ജയ്പൂരിലൂടെ ലേഖകൻ നടത്തിയ യാത്രയിലെ കാഴ്ചകളാണ് ഈ ലേഖനത്തിൽ...**

വലിയ മാളുകളും ഷോപ്പിംഗ് കോംപ്ലക്സുകളും സുപരിചിതമാകും മുമ്പ് നാട്ടുചന്തകളായിരുന്നു നമ്മുടെ ഗ്രാമങ്ങളിലെ പ്രധാന കച്ചവടകേന്ദ്രങ്ങൾ.



നിരത്തിന്റെ വക്കത്തോ, ഒഴിഞ്ഞ പറമ്പുകളിലോ, കൊയ്ത്തു കഴിഞ്ഞ പാടങ്ങളിലോ ആയിരുന്നു ഇത്തരം ചന്തകൾ. ആഴ്ച്ചച്ചന്തകളും ദിവസച്ചന്തകളുമുണ്ടായിരുന്നു. കാർഷികോല്പന്നങ്ങൾ വില്ക്കാനും കർഷകർക്കാവശ്യമായ കലപ്പ, നുകം, ഊർച്ചപ്പലക, കൊട്ടോടി, കൈക്കോട്ട്, മഴു, അരിവാൾ, നനയ്ക്കാനുള്ള തുടുപ്പ്, തേവാനുള്ള കൊട്ട എന്നിവ വാങ്ങാനും ഇങ്ങനെയുള്ള ചന്തകളായിരുന്നു ആശ്രയം. കൂട്ടത്തിൽ ചട്ടി, കലം, കൊട്ട, മുറം, ഹൽവ, ഈത്തപ്പഴം, പച്ചമീൻ, ഉണക്കമീൻ തുടങ്ങിയവ വിൽക്കുന്നവരും ഉണ്ടാകും. ചന്തകളിൽ എത്തുന്നവരെ രസിപ്പിക്കാനായി എത്തിച്ചേരുന്ന സൈക്കിൾ യജ്ഞക്കാർ, മാജിക്കുകാർ, റിക്കാർഡ് ഡാൻസുകാർ എന്നിവരെല്ലാം ചേർന്ന് നാട്ടുചന്തകളെ ഒരു ഗ്രാമീണ വിനോദകേന്ദ്രമായും മാറ്റാറുണ്ട്.

കന്നുകാലികളെ വിൽക്കാനും വാങ്ങാനും മാത്രമായുള്ള ചന്തകളും ധാരാളമുണ്ടായിരുന്നു. നെൽക്കൃഷിയായിരുന്നല്ലോ നമ്മുടെ പ്രധാന കൃഷി. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ വിവിധ കാലയളവിലെ നെൽകൃഷിയെ വിളിക്കാറുണ്ട്. ഒന്നാം വിളയായ വിരിപ്പ് പുതുമഴയ്ക്കു തുടങ്ങി കന്നിമാസത്തിൽ കൊയ്യുന്നതും രണ്ടാം വിളയായ മുണ്ടകൻ കർക്കിടകത്തിൽ നട്ട് മകരത്തിൽ വിളവെടുക്കുന്നതുമാണ്. മൂന്നാം വിളയായി കണക്കാക്കുന്ന പുഞ്ചക്കൃഷിയിൽ നടുന്നത് മൂപ്പു കുറഞ്ഞ നെല്ലാണ്. മകരത്തിൽ നട്ട് മീനത്തിലാണ് പുഞ്ച കൊയ്യുന്നത്. കൃഷിയും കൊയ്ത്തും കഴിഞ്ഞാൽ അടുത്ത കൃഷി വരെയുള്ള ഇടവേളകളിൽ കർഷകരിൽ പലരും കന്നുകാലികളെ വിൽക്കാറാണ് പതിവ്. പരിപാലനച്ചെലവ് ലാഭിക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. കറവ വറ്റിയ പശുക്കളേയും വിൽക്കാറുണ്ട്. ഞങ്ങളുടെ നാട്ടിലെ പ്രധാനപ്പെട്ട കന്നുകാലിച്ചന്തകളായിരുന്നു പെരുമ്പിലാവ്, വാണിയംകുളം, ചേളാരി ചന്തകൾ. ചന്തകളിൽ നിന്നും വാങ്ങുന്ന മാടുകളെ റോഡിലൂടെ നടത്തിയാണ് കൊണ്ടുവരാറുള്ളത്. അങ്ങനെ കൊണ്ടുവരുന്ന കാലികൾക്ക്





പലയിടത്തും വൈക്കോലും വെള്ളവുമെല്ലാം ലഭിക്കുന്ന ഇടത്താവളങ്ങളുണ്ടായിരുന്നു.

കേരളത്തിൽ നാട്ടുചന്തകൾ ഏതാണ്ട് അന്യംനിന്നെങ്കിലും നമ്മുടെ രാജ്യത്ത് പലയിടത്തും ഗ്രാമീണ ചന്തകൾ സജീവമായി ഇപ്പോഴും നിലവിലുണ്ട്. അവയിൽ ചിലത് വളരെ പ്രശസ്തവുമാണ്. ബീഹാറിലെ സോൺപൂർ, രാജസ്ഥാനിലെ നാഗൂർ, പുഷ്കർ, ഗംഗാപൂർ എന്നിവ അവയിൽ ചിലതാണ്. ബീഹാറിലെ സോൺപൂരിലുള്ള ആനച്ചന്തയിൽനിന്നാണ് കേരളത്തിൽ എത്തുന്ന നാട്ടാനകളിൽ പലതും. അതുപോലെ പ്രശസ്തമായ മറ്റൊരു ചന്തയാണ് രാജസ്ഥാനിലെ പുഷ്കറിലുള്ള ഒട്ടകച്ചന്ത. പുഷ്കർമേള എന്നറിയപ്പെടുന്ന ഈ മേള ലോകത്തിലെ ഏറ്റവും വലിയ ഒട്ടകച്ചന്തയാണ്.

രാജസ്ഥാൻ സംസ്ഥാനത്തിന്റെ തലസ്ഥാനമായ ജയ്പൂരിന് കുറച്ചു തെക്ക് ഭാഗത്തുള്ള അജ്മീർ ജില്ലയിലാണ് പുഷ്കർ. ആമീർ രാജാവായ ജയ്സിംഗ് രണ്ടാമൻ 1727ലാണ് പിങ്ക് സിറ്റി എന്ന പേരിലും അറിയപ്പെടുന്ന ജയ്പൂർ സ്ഥാപിച്ചത്. ജയ്പൂർ നഗരത്തിലുള്ള കെട്ടിടങ്ങളുടെ നിറം പിങ്ക് വർണത്തിലുള്ളവയായതിനാലാണ് ജയ്പൂരിനെ പിങ്ക് സിറ്റിയെന്ന് വിളിക്കുന്നത്. ജയ്പൂർ സന്ദർശിച്ച വെയിൽസ് രാജകുമാരന് സ്വാഗതമോതിക്കൊണ്ട് 1876ലാണ് ആദ്യമായി നഗരത്തിലെ കെട്ടിടങ്ങൾക്ക് പിങ്ക് നിറം നൽകിയത്. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഏഷ്യയിൽ തന്നെ ഏഴാം സ്ഥാനത്താണ് ജയ്പൂർ. യുനെസ്കോയുടെ ഈ പൈതൃക നഗരത്തിലെ കാഴ്ചകൾ നിരവധിയാണ്. ജൽമഹൽ, ജന്തർമന്ദർ, ഹവാമഹൽ, സിറ്റി പാലസ്, ആമീർ ഫോർട്ട്, ജയ്ഗഡ് കോട്ട എന്നിവയെല്ലാം സഞ്ചാരികളുടെ മനം കവരുന്നവയാണ്. ജയ്സിംഗ് രണ്ടാമൻ തന്നെയാണ് 1734ൽ ജന്ദർമന്ദർ നിർമിച്ചത്. നക്ഷത്രങ്ങളേയും ആകാശഗോളങ്ങളേയും നിരീക്ഷിക്കാനായി സ്ഥാപിച്ചവയാണ് ഈ നിർമിതി. ജയ്പൂരിനു പുറമേ ഡൽഹി, ഉജ്ജയിനി, മഥുര, വാരണാസി എന്നിവിടങ്ങളിലും അദ്ദേഹം ജന്ദർമന്ദറുകൾ സ്ഥാപിച്ചിട്ടുണ്ട്. സൂര്യന്റെ നിഴൽ അടയാളപ്പെടുത്തി സമയം നിർണയിക്കുന്ന കല്ലുകൊണ്ട് നിർമിച്ച ലോകത്തിലെ തന്നെ വലിയ ഛായാഘടികാരം ജയ്പൂരിലെ ജന്ദർമന്ദറിലാണുള്ളത്. ഇവിടെ 19 തരത്തിലുള്ള ആകാശനിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഡൽഹിയിലെ ജന്ദർമന്ദറും വളരെ പ്രശസ്തമാണ്. നക്ഷത്രനിരീക്ഷണ

സംവിധാനങ്ങൾ ലോകത്തിൽ തന്നെ കാര്യമായി ഇല്ലാതിരുന്ന ഒരു കാലത്ത് ഇത്തരം കേന്ദ്ര ങ്ങൾ സ്ഥാപിച്ച അന്നത്തെ ഭരണാധികാരികളെ എത്ര പ്രശം സിച്ചാലും മതിയാവുകയില്ല.

ജയ്പൂരിൽ, സിറ്റി പാല സിനു സമീപത്തുള്ള ഹവാമഹൽ വളരെ പ്രശസ്തമാണ്. ഹവ എന്ന പദത്തിന് കാറ്റ് എന്നാണ് അർഥം. ഹവാമഹലിനെ കാറ്റു കളുടെ കൊട്ടാരം എന്നും പറയാം. ഇളം ചുവപ്പ് നിറത്തി ലുള്ള കല്ലുകൾ കൊണ്ട് അഞ്ചു നിലകളിലായി നിർമിച്ച ഹവാ മഹലിൽ 953 ജനാലകളുള്ള കൊച്ചുകൊച്ചു മുറികളുണ്ട്. അടിത്തറകെട്ടാതെ പണിത ലോകത്തിലെ ഏറ്റവും വലിയ



ആമിർ ഫോർട്ട്

കെട്ടിടമാണത്രെ ഹവാമഹൽ. കൊട്ടാരത്തിലെ കുലീന സ്ത്രീകൾക്ക് നഗരവീഥികളിൽ നടക്കുന്ന ഘോഷയാത്രകളും മറ്റ് ആഘോഷങ്ങളും മറഞ്ഞിരുന്ന് വീക്ഷിക്കുന്നതിനായാണ് ഹവാമഹൽ നിർമിച്ചത്. മൻസാഗർ തടാകത്തിൽ നിർമിച്ചിട്ടുള്ള ജൽമഹൽ മറ്റൊരു കമനീയ കൊട്ടാരമാണ്. തടാകങ്ങൾക്കകത്ത് കൊട്ടാരങ്ങൾ നിർമിക്കുന്ന രീതി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും വ്യാപകമായി കണ്ടുവരാറുണ്ട്. ഇപ്പോൾ ജീർണിച്ച നിലയിലാണെങ്കിലും ത്രിപുരയിൽ രുദ്രാസാഗർ തടാകത്തിൽ ഇതുപോലെ മനോഹരമായ നീർമഹൽ എന്ന ഒരു കൊട്ടാരം ഞാൻ കണ്ടിട്ടുണ്ട്.

തലസ്ഥാനം ജയ്പൂരിലേക്കു മാറ്റുന്നതിനു മുമ്പ് ആമീർ രാജാവിന്റെ ആസ്ഥാനം പതിനൊന്ന് കി.മീ.അകലെയുള്ള ആമീർ ഫോർട്ട് ആയിരുന്നു. നിത്യേനെ അയ്യായിരത്തിലേറേ ആളുകൾ സന്ദർശിക്കുന്ന ഈ കോട്ടയുടെ നിർമിതി അതിശയിപ്പിക്കുന്നതാണ്. ഒരു വലിയ മലമുകളിലാണ് കോട്ട നിർമിച്ചിട്ടുള്ളത്. ആയാസരഹിതമായി കോട്ട കയറാൻ സഞ്ചാരികൾക്ക് ആന സവാരിയടക്കം ലഭ്യമാണ്. താഴെയുള്ള ജലാശയത്തിൽ നിന്നും കോട്ടയ്ക്കു മുകളിലേക്ക് വെള്ളം എത്തിക്കാൻ യന്ത്രസഹായമില്ലാതെയുള്ള അത്ഭുതകരമായ ഒരു നാടൻ സാങ്കേതികവിദ്യയുണ്ട്. കോട്ടമുകളിലെത്തിയാൽ കാണുക മനോഹരമായ കാഴ്ചകളാണ്. അകലേ ജയ്ഗഡ് കോട്ടയും കാണാം.

പുഷ്കർ സ്ഥിതിചെയ്യുന്നത് അജ്മീർ ജില്ലയിലാണെന്ന് പറഞ്ഞല്ലോ. മുഗൾ ചക്രവർത്തി അക്ബർ നിർമിച്ച മനോഹരമായ ഒരു കൊട്ടാരം അജ്മീരിലുണ്ട്. അക്ബർ മ്യൂസിയമെന്ന പേരിലാണ് ഈ കൊട്ടാരം ഇപ്പോൾ അറിയപ്പെടുന്നത്. ഈ കൊട്ടാരത്തിൽ അക്ബറുടെ കിടപ്പുമുറി പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. അക്ബർ ചക്രവർത്തിയുടെ മകൻ ജഹാംഗീർ ഇവിടെ വച്ചാണ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ഇന്ത്യയിൽ കച്ചവടത്തിനുള്ള അനുവാദം നൽകിയത്. കച്ചവടത്തിന് വന്ന ബ്രിട്ടീഷുകാരുടെ കോളനിയായി ഇന്ത്യ പിന്നീട് മാറിയ കഥ നിങ്ങൾക്കറിയാമല്ലോ.

അജ്മീർ ഒരു ഇസ്ലാമിക തീർത്ഥാടന കേന്ദ്രമെന്ന നിലയിലും പ്രശസ്തമാണ്. ഖ്വാജാ മൊയിനുദ്ദീൻ ചിഷ്തി എന്ന ഒരു വിശുദ്ധന്റെ ദർഗഷരീഫ് സ്ഥിതി ചെയ്യുന്നത് ഇവിടെയാണ്. രാജ്യത്തിന്റെ അകത്തുനിന്നും പുറത്തുനിന്നും ധാരാളം തീർത്ഥാടകർ ഇവിടെ വരാറുണ്ട്. വൈകുന്നേരങ്ങളിൽ ദർഗയ്ക്കു ചുറ്റുമിരുന്നുള്ള ഖവാലിയും സൂഫി സംഗീതാലാപനങ്ങളും ഹൃദ്യമായ ഒരു അനുഭവമാണ്. ചൗഹാൻ രാജവംശത്തിന്റെ ആസ്ഥാനമായിരുന്ന താരാഗഡ് കോട്ട അജ്മീരിന് അടുത്താണ്. കോട്ടയിലേക്കുള്ള വഴിയിൽ പൃഥ്വിരാജ് ചൗഹാൻ കുതിര





ഹവാ മഹൽ



അക്ബർ പാലസ് മ്യൂസിയം



**പുഷ്കർമേള തികച്ചും ഒരു സാംസ്കാരികോത്സവമാണ്. ആരവല്ലി പർവതസാനുക്കളോട് ചേർന്നുകിടക്കുന്ന പുഷ്കറിലേക്ക് അജ്മീരിൽനിന്നും 12 കി.മീ. ആണ് ദൂരം. ക്ഷേത്രങ്ങളുടെ നഗരമാണ് പുഷ്കർ. അവയിൽ പ്രശസ്തമായത് ബ്രഹ്മക്ഷേത്രമാണ്.**

പ്പുറത്ത് യുദ്ധസജ്ജനായി ഇരിക്കുന്ന വലിയൊരു പ്രതിമയും കാണാം

പുഷ്കർമേള തികച്ചും ഒരു സാംസ്കാരികോത്സവമാണ്. ആരവല്ലി പർവതസാനുക്കളോടു ചേർന്നുകിടക്കുന്ന പുഷ്കറിലേക്ക് അജ്മീരിൽനിന്നും 12 കി.മീ. ആണ് ദൂരം. ക്ഷേത്രങ്ങളുടെ നഗരമാണ് പുഷ്കർ. അവയിൽ പ്രശസ്തമായത് ബ്രഹ്മക്ഷേത്രമാണ്. ഖ്വാജാ മൊയിനുദ്ദീൻ ചിഷ്തിയുടെ ദർഗഷരീഫിൽ നിന്നും ആരംഭിച്ച് ബ്രഹ്മക്ഷേത്രത്തിൽ അവസാനിക്കുന്ന ഒരു മതസൗഹാർദ്ദ മാരത്തോൺ ഓട്ടത്തോടുകൂടിയാണ് പുഷ്കർമേള ആരംഭിക്കുന്നത്. ഒക്ടോബർ– നവംബർ മാസങ്ങളിലായി ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ഈ മേള കാണാൻ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ലക്ഷക്കണക്കിന് ആളുകൾ എത്താറുണ്ട്. പുഷ്കർമേള, കാർത്തിക പൂർണിമ ആഘോഷങ്ങളുടെ ഭാഗമായതിനാൽ പുഷ്കർ തടാകത്തിലെ സ്നാനത്തിനും അതോടനുബന്ധിച്ച ചടങ്ങുകൾക്കുമായി എത്തുന്നവരാണ് അധികവും. അമ്പതിനായിരത്തോളം ഒട്ടകങ്ങൾ, ആയിരക്കണക്കിന് കുതിരകൾ, പശുക്കൾ, ആടുകൾ, ചെമ്മരിയാടുകൾ എന്നിവയെ വിൽക്കാനും വാങ്ങാനും ലഭ്യമാണ്. കോടിക്കണക്കിന് രൂപ വിലവരുന്ന സവിശേഷമായ കുതിരകളും ലക്ഷങ്ങൾ വിലമതിക്കുന്ന ഒട്ടകങ്ങളും മേളയിൽ പ്രദർശിപ്പിക്കാറുണ്ട്. വെറും കച്ചവടകേന്ദ്രം എന്ന നിലയിൽനിന്നും വൈവിധ്യമായ സംസ്കാരങ്ങളുടെ സംഗമഭൂമിയായും പുഷ്കർമേള മാറാറുണ്ട്.

രാജസ്ഥാന്റെ തനത് ഫോക്‌ലോറുകൾ, നൃത്തങ്ങൾ, വയലിൻ മാതൃകയിലുള്ള പ്രാദേശിക സംഗീതോപകരണങ്ങളുടെ ആലാപനം, സമ്പന്നമായ ഭക്ഷണമേള, വസ്ത്രമേള, കരകൗശല മേള, വിവിധ മത്സരങ്ങൾ എന്നിവയും മേളയിലുണ്ടാവും. മത്സരങ്ങളിൽ ഏറ്റവും വലിയ മീശയും താടിയുമുള്ളവരെ കണ്ടെത്തൽ, വധുക്കളുടെ മത്സരം, വടംവലി, ഒട്ടകയോട്ടം, കുതിരയോട്ടം



പുഷ്കർമേള



എന്നിവയുമുണ്ടാകും. ഒരു ആളിനേക്കാൾ നീളമുള്ള മീശയും താടിയുമായി നിൽക്കുന്നവർ കൗതുകകരമായ കാഴ്ചയാണ്. രാജസ്ഥാൻ നിവാസികൾ തലയിൽ നീണ്ട തലപ്പാവ് കെട്ടാറുണ്ട്. ഭംഗിയായി തലപ്പാവ് കെട്ടലും ഒരു മത്സരയിനമാണ്. ആകാശത്തിലൂടെയുള്ള ബലൂൺ യാത്ര നടത്താനും വലിയ തിരക്കുണ്ടാവാറുണ്ട്. ചെറിയ കുട്ടികൾ കൃഷ്ണന്റെയും രാധയുടെയുമൊക്കെ വേഷങ്ങൾ കെട്ടി തെരുവിൽ ഭിക്ഷയാചിക്കുന്നതും കാണാം.

ഥാർ മരുഭൂമിയിലാണ് രാജസ്ഥാൻ സ്ഥിതിചെയ്യുന്നത് എന്നറിയാമല്ലോ. ഒട്ടകങ്ങളില്ലാതെ മരുഭൂമിയിൽ ജീവിതമില്ല. ചുട്ടുപഴുത്ത മരുഭൂമി താണ്ടാനും കച്ചവടത്തിനും കൃഷിക്കും ഒട്ടകങ്ങൾ അനിവാര്യമാണ്. മരുഭൂമിയിലെ കപ്പൽ എന്നും ഒട്ടകങ്ങളെ വിളിക്കാറുണ്ടല്ലോ. ചരക്കുഗതാഗതത്തിന് നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന കാളവണ്ടികൾക്ക് സമാനമായി രാജസ്ഥാനിലുള്ളത് ഒട്ടകവണ്ടികളാണ്. ഒട്ടകത്തിന്റെ പാൽ, മാംസം, തുകൽ എന്നിവയും വിലപിടിപ്പുള്ളവയാണ്. ചീസ്, ഐസ്ക്രീം, തൈര്, ചായ എന്നിവയുണ്ടാക്കാൻ ഒട്ടകപ്പാൽ ഉപയോഗിക്കാറുണ്ട്. ഒട്ടകത്തോലുകൊണ്ടുള്ള ബാഗ്, ബെൽറ്റ്, പേഴ്സ് തുടങ്ങിയവയുടെ വലിയൊരു ശേഖരം പുഷ്കർമേളയിലുണ്ടാകാറുണ്ട്.

**കാളവണ്ടികൾക്ക് സമാനമായി രാജസ്ഥാനിലുള്ളത് ഒട്ടകവണ്ടികളാണ്. ഒട്ടകത്തിന്റെ പാൽ, മാംസം, തുകൽ എന്നിവയും വിലപിടിപ്പുള്ളവയാണ്. ചീസ്, ഐസ്ക്രീം, തൈര്, ചായ എന്നിവയുണ്ടാക്കാൻ ഒട്ടകപ്പാൽ ഉപയോഗിക്കാറുണ്ട്. ഒട്ടകത്തോലുകൊണ്ടുള്ള ബാഗ്, ബെൽറ്റ്, പേഴ്സ് തുടങ്ങിയവയുടെ വലിയൊരു ശേഖരം പുഷ്കർ മേളയിലുണ്ടാകാറുണ്ട്.**

വിശപ്പും ചൂടും തണുപ്പും ദൂരങ്ങളും മനുഷ്യർ താണ്ടിയത് തനിച്ചായിരുന്നില്ല, സസ്യജാലങ്ങൾക്കു പുറമേ, ഒട്ടകങ്ങളേയും കുതിരകളേയും പശുക്കളേയും പോലുള്ള ജന്തുജീവജാലങ്ങളുടെ സഹായത്തോടുകൂടിയായിരുന്നു.

ഏത് യന്ത്രവല്കൃത കാലത്തും ലോകത്തും മനുഷ്യന്റെ അതിജീവനത്തിന് ഇത്തരം ജന്തുജീവജാലങ്ങൾ അനിവാര്യമാണ്. മനുഷ്യർ മാത്രമായ ഒരു ലോകം അസാധ്യമാണ്. മനുഷ്യരും മൃഗങ്ങളുമായുള്ള സഹവർത്തിത്വത്തിന്റേയും പാരസ്പര്യത്തിന്റേയും ഒരു വലിയ പ്രദർശനശാലയാണ് പുഷ്കർമേള എന്നാണ് ഈ തിരക്കുള്ള ചന്തയിലൂടെ അലഞ്ഞുതിരിയുമ്പോൾ എനിക്കു തോന്നിയത്.

കവിത

# കാറ്റ് വന്നപ്പോൾ

അനീഷ് കെ അയിലറ

മുറ്റത്തു നില്ക്കുന്ന ചെമ്പകത്തിൽ
പറ്റിയിരുന്നൊരു കാറ്റു മൂളി.
ചുറ്റിനും പൂവുകൾ പുഞ്ചിരിച്ചു.
പൂമണമെങ്ങും പരത്തിനിന്നു.

തെറ്റിയിൽ കാറ്റു പറന്നുചെന്നു
നെറ്റിയിലുമ്മ പകർന്നുനൽകി.
പറ്റുന്നിടത്തൊക്കെ ഗന്ധമേകി
ഒറ്റയ്ക്കു കാറ്റു കുളിരു വീശി.

ഉറ്റവരൊക്കെ പിരിഞ്ഞുപോയി
മുറ്റുമിരുട്ടിൽ തനിച്ചു നില്ക്കേ,
മറ്റാരുമില്ലാത്തവർക്കുവേണ്ടി
കാറ്റായിമാറാൻ കൊതിച്ചു ഞാനും.





വര: സുജിത്ത് വാസുദേവൻ

# ആശുമ്മാന്റെ ആട്

**കാപ്പിൽ ഗോപിനാഥൻ**

അയൽപക്കത്തെ ആശുമ്മയുടെ ആടിനെ കാണാനില്ല. തലേദിവസം സന്ധ്യയ്ക്ക് അവർതന്നെ കൂട്ടിൽ കൊണ്ടുക്കെട്ടിയതാണ്. നേരം വെളുത്തു നോക്കുമ്പോൾ ആടില്ല. അതിനെ കെട്ടിയ കയർ ആരോ മുറിച്ചിട്ടിരിക്കുന്നു.

അതുകണ്ട ആശുമ്മയ്ക്ക് ദേഹം തളരുംപോലെ തോന്നി. അവർ നിലത്തിരുന്ന് നിലവിളിക്കാൻ തുടങ്ങി. കരച്ചിൽ കേട്ട് അയൽക്കാർ ഓടിക്കൂടി. കാര്യമറിഞ്ഞപ്പോൾ അവർക്കും സങ്കടം. കരച്ചിൽ കേട്ട് സഹതാപം തോന്നിയ അയൽക്കാരി പാത്തുമ്മ പറഞ്ഞു: ‘‘ആശു, പോയത് പോയി. നീ ഇങ്ങനെ നെഞ്ചിടിച്ചു കലക്കാതെ. വല്ല സൂക്കേടും വരും.’’


വര: സുധീർ പി വൈ

ആശുമ്മയ്ക്ക് ആ വാക്കുകൾ ആശ്വാസമായില്ല. അവർ കരച്ചിൽ തുടരുകതന്നെ.

അക്കാര്യം പറയുമ്പോൾ അമ്മയുടെ കണ്ണുകൾ നനയുന്നത് അശ്വതി കണ്ടു. ആ കാഴ്ച അവൾക്കും സങ്കടമായി.

ആശുമ്മ പാവമാണ്. ആരോടും വഴക്കിടില്ല. ഭർത്താവും മക്കളുമില്ലാത്ത അവർ ഒറ്റയ്ക്കാണു താമസം. ഓലമേഞ്ഞു ചാണകം മെഴുകിയ അവരുടെ ഒറ്റമുറി വീട്ടിൽ അശ്വതി പലപ്പോഴും പോയിട്ടുണ്ട്, റംബൂട്ടാനും പേരയ്ക്കായും പറിക്കാൻ. ഉള്ളതെന്തും മറ്റുള്ളവർക്ക് കൊടുക്കാൻ മനസ്സുള്ളവളാണ് ആശുമ്മ.

സ്കൂൾ ഉള്ള ദിവസങ്ങളിലൊക്കെ അശ്വതി ആശുമ്മയെ കാണും. തോടിനു കുറുകെയുള്ള തടിപ്പാലത്തിന്നരികെ അവരുണ്ടാവും. ആടിനെ മേയാൻ വിട്ടിട്ട് അതിനുള്ള തീറ്റയുണ്ടാക്കാനുള്ള ശ്രമത്തിലാവും അവർ. തന്നെക്കണ്ടാൽ എന്തെങ്കിലും അവർക്ക് ചോദിക്കാനുണ്ടാവും. ‘‘എന്താ മോളേ ഒറ്റയ്ക്ക്? ഇന്ന് കൂട്ടുകാരി വന്നില്ലേ?’’

തന്നോടൊപ്പം വരാറുള്ള വാസന്തിയെക്കുറിച്ചാവും ആ ചോദ്യം.

“അവൾക്ക് പനിയാ. ആശുപത്രിയിൽ പോയിരിക്കുവാ.”

അതുകേട്ട് അവർ പറയും: “ഇപ്പോഴത്തെ ചള്ളു പനിയാ. മോളു സൂക്ഷിക്കണം.”

അവരുടെ ഉപദേശത്തിന് ഒരു ചെറുചിരി സമ്മാനിച്ച് അവൾ നടന്നുനീങ്ങും.

ആടിനെ കുളിപ്പിച്ച് അതിനുള്ള തീറ്റയുമായി പത്തുമണിക്കുമുമ്പ് ആശുമ്മ വീടെത്തും. ആടിനെ ഏതെങ്കിലും തണൽ മരത്തിന്റെ ചുവട്ടിൽ കെട്ടിയിട്ട് അവർ അകത്തേക്കു കടക്കും. എന്തെങ്കിലും വച്ചുണ്ടാക്കാനുള്ള പോക്കാണ്.

ആഹാരം കഴിച്ച് കഴുകിയുണക്കിയ കൈലിമുണ്ടും മേലുടുപ്പും ധരിച്ച് തലയിലൊരു തട്ടവുമിട്ട് അവർ വീട്ടിൽ നിന്നിറങ്ങും.

ചന്തമുക്കിലെ കുട്ടൻനായരുടെ ചായപ്പീടികയിലേക്കാണാപോക്ക്.

അവിടെ വൈകുന്നേരത്തെ ചായയ്ക്ക് ആൾക്കാർ ഏറെ എത്തും. അവർക്ക് ചായയ്ക്കൊപ്പം ഒരു കടി നിർബന്ധം. പഴംപൊരിയോ ഉഴുന്നുവടയോ ഏതെങ്കിലും ഒന്ന്. അവിടെ എരിയും രുചിയുമുള്ള ആ പലഹാരങ്ങൾ ഉണ്ടാക്കുന്നത് ആശുമ്മയാണ്.

കാലത്തെ കച്ചവടത്തിനുണ്ടാക്കുന്ന ദോശയും പുട്ടിന്റെ ബാക്കിയും അപ്പോഴും അവിടത്തെ അലമാരയിലുണ്ടാവും. എന്നാൽ ആശുമ്മയുണ്ടാക്കുന്ന പലഹാരത്തിനൊന്നും അതിനുള്ളിൽ കടക്കാൻ ഇടം കിട്ടാറില്ല. ചൂടാറും മുമ്പേ അതൊക്കെ വിറ്റുപോകും. അത്രയ്ക്ക് രുചിയാണവയ്ക്ക്.

കൃത്യം നാലുമണിക്കുതന്നെ അവിടത്തെ പണികൾ കഴിയും. കാലും മുഖവും കഴുകി വരുന്ന ആശുമ്മയെ കാത്ത് കുട്ടൻനായരുണ്ടാവും. അന്നത്തെ കൂലി നൽകാൻ. ഒപ്പം ആശുമ്മയുണ്ടാക്കിയ പലഹാരങ്ങളിൽ ചിലതും അയാൾ കടലാസ്സിൽ പൊതിഞ്ഞ് അവർക്ക് കൊടുക്കും.

**കാലത്തെ കച്ചവടത്തിനുണ്ടാക്കുന്ന ദോശയും പുട്ടിന്റെ ബാക്കിയും അപ്പോഴും അവിടത്തെ അലമാരയിലുണ്ടാവും. എന്നാൽ ആശുമ്മയുണ്ടാക്കുന്ന പലഹാരത്തിനൊന്നും അതിനുള്ളിൽ കടക്കാൻ ഇടം കിട്ടാറില്ല. ചൂടാറും മുമ്പേ അതൊക്കെ വിറ്റുപോകും. അത്രയ്ക്ക് രുചിയാണവയ്ക്ക്.**

ആശുമ്മ വീടെത്തും മുമ്പേ കൈയിലെ പലഹാരത്തിന് അവകാശികളുണ്ടാവും. അത് അവർ വഴിയിൽക്കാണുന്ന അയൽവീട്ടിലെ കുട്ടികൾ തന്നെ.

എന്നാൽ ഏറെയും കിട്ടുന്നത് അശ്വതിക്കാണ്. അവൾ സ്കൂളിൽനിന്നും വരുന്നതും ആശുമ്മ കടയിൽനിന്നും പാലത്തിനടുത്തെത്തുന്നതും ഒരേ സമയത്താവും.

അവളെ കണ്ടാലുടൻ ആശുമ്മ പറയും:

“മോളെ നീയിത് തിന്നോ.”

“വേണ്ടുമ്മ.”

അങ്ങനെ പറയുമ്പോഴും നോട്ടം പലഹാരപ്പൊതിയിലായിരിക്കും. അപ്പോൾ നാവിൽ അറിയാതെ നനവൂറും. അശ്വതി അവർക്കുനേരെ കൈ നീട്ടും.

അശ്വതി സ്കൂളിൽ പോകാനായി വീട്ടിൽ നിന്നിറങ്ങി. ആശുമ്മയുടെ വീടിനുമുന്നിൽ അപ്പോഴും ആൾക്കാരുണ്ട്. അങ്ങോട്ടൊന്നു കയറാം. ആശുമ്മയെ കാണാം. മനസ്സു പറഞ്ഞു.

അശ്വതി മുറ്റത്തെത്തിയതും ആശുമ്മ കരച്ചിൽ നിർത്തി. കണ്ണുതുടച്ച് അവൾക്കരികിൽ ഓടിവന്നു. അവളെ കെട്ടിപ്പിടിച്ചു കൊണ്ടു പറഞ്ഞു:

“മോളേ, എന്റെ പുന്നാര ആടു പോയി. നീ സ്കൂളിലെ പോലീസല്ലേ. നീ എനിക്കതിനെ കണ്ടുപിടിച്ചു തരണം.”

ഒന്നും പറയാനാവാതെ അശ്വതി അമ്പരപ്പോടെ അവരെ നോക്കി. താൻ സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റാണെന്ന് അവർക്കറിയാം. പരേഡുള്ള ദിവസങ്ങളിൽ പോലീസ് യൂണിഫോമിൽ താൻ പോകുന്നതും അവർ കണ്ടിട്ടുണ്ട്. അവിടെ പോലീസിന്റെ കർത്തവ്യങ്ങളെക്കുറിച്ചുള്ള ബോധനമല്ലാതെ അവർക്കുള്ള അധികാരങ്ങൾ തങ്ങൾക്കില്ല. അതെങ്ങനെ അവരെ ബോധ്യപ്പെടുത്തും.

ആ ആലോചനയിൽ അവൾ നിൽക്കുമ്പോൾ അപരിചിതനായ ഒരാൾ അവിടേക്കു വരുന്നു. അയാൾ അവരെ വിളിച്ച് എന്തോ ചോദിക്കുന്നു. ആശുമ്മയുടെ ശ്രദ്ധ തന്നിൽനിന്നു മാറിയതും അവൾ പിന്നവിടെ നിന്നില്ല. തന്റെ സൈക്കിളിൽ കയറി സ്കൂളിലേക്കു വിട്ടു

സൈക്കിൾ ചവിട്ടുമ്പോഴും അശ്വതിയുടെ വിചാരങ്ങൾ ആശുമ്മയെപ്പറ്റിയായിരുന്നു. അവർക്കു നഷ്ടപ്പെട്ട ആട്. അതിനെ കണ്ടുപിടിച്ചു കൊടുക്കാൻ അവർ തന്നോടപേക്ഷിക്കുന്നു. അതിനുള്ള അധികാരം തനിക്കുണ്ടെന്നവർ വിശ്വസിക്കുന്നു. അത്രയുമായപ്പോൾ അവൾക്കു തോന്നി, അക്കാര്യത്തിൽ ഒന്നു ശ്രമിച്ചാലോ?

സൈക്കിൾ സ്റ്റാൻഡിൽ വച്ച് മടങ്ങുമ്പോൾ കൂട്ടുകാരൊക്കെ അവളെ കാത്ത് ആൽമരച്ചുവട്ടിലുണ്ട്. അവരെല്ലാം സ്റ്റുഡൻസ് പോലീസ് കേഡറ്റിൽപ്പെട്ടവരാണ്. അവരോടിക്കാര്യം പറഞ്ഞാലോ? ചിന്ത ആ വഴിക്കായി.

അപ്പോഴുണ്ട് ഒരു പെൺകുട്ടി അവൾക്കരികെ വരുന്നു. മുമ്പുകണ്ട പരിചയമില്ല. യൂണി

ഫോം കൊണ്ട് അവൾ സ്കൂളിലെ രണ്ടായിരത്തിലൊരുവളാണെന്ന് ഉറപ്പായി.

''എന്താ എല്ലാവരും കൂടെ?'' ഇന്ന് പരിപാടി വല്ലതും ഉണ്ടോ?'' അവൾ ചിരിച്ചുകൊണ്ട് അവരോടായി ചോദിച്ചു.

''ഉണ്ടല്ലോ,'' അശ്വതി അതു പറഞ്ഞപ്പോൾ ആ പെൺകുട്ടി മാത്രമല്ല, മറ്റുള്ളവരും അവളെ നോക്കി.

അവരിലെ ആകാംക്ഷ മനസ്സിലാക്കിയ അശ്വതി പറഞ്ഞു: ''ഇന്നു ഞങ്ങൾക്കൊരു കള്ളനെക്കണ്ടുപിടിക്കണം.''

''കള്ളനെയോ?'' എല്ലാവരും അമ്പരപ്പോടെ അവളെ നോക്കി.

''അതെ. എന്റെ തൊട്ടടുത്ത വീട്ടിൽനിന്നും ഇന്നലെ രാത്രി ഒരാട് മോഷണം പോയി. ആടിനെ കട്ടവനെ കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ.''

''പിടിച്ചതുതന്നെ.'' പെൺകുട്ടി അവരെ നോക്കി ഹാസ്യമായൊന്നു ചിരിച്ചു.

''പിടിക്കും.'' അശ്വതി ഉറപ്പായി തന്നെ പറഞ്ഞു.

''എങ്ങനെ? നിങ്ങൾക്ക് ആടെവിടെയുണ്ടെന്നറിയാമോ? അറിഞ്ഞെന്നു തന്നെ ഇരിക്കട്ടെ, നിങ്ങൾ എങ്ങനെ അതിനെ തിരിച്ചറിയും?''

''അറിയും. അതിന്റെ നിറം പാലുപോലെ വെളുപ്പാണ്. നെറ്റിയിലും വാലിലും ഒരു രൂപ വട്ടത്തിൽ ഒരു കറുപ്പുണ്ട്.''

''അതുശരി. എന്നാൽ അത്തരത്തിൽ രണ്ടാടുകൾ എന്റെ വീട്ടിലുണ്ട്. നിങ്ങൾ വന്ന് ആ ആട് നിങ്ങളുടേതാണെന്ന് പറഞ്ഞാൽ ഞങ്ങൾ തരുമോ?'' അവൾ അശ്വതിയുടെ വാക്കുകളെ നിസ്സാരമായി തള്ളി.

''എന്നാൽ നിന്റെ ആടിനില്ലാത്ത മറ്റൊരടയാളം കൂടി ഈ ആടിനുണ്ട്.''

''അതെന്താ?'' അവൾ ചോദിച്ചു. അതറിയാനുള്ള ആകാംക്ഷ അവൾക്കു മാത്രമല്ല മറ്റുള്ളവരിലും ഉണ്ടായി.

''അതിന്റെ കഴുത്തിൽ ആടിന്റെ അകിടിൽ ഉള്ളതുപോലെ രണ്ടു കൊച്ചു മുലകളുണ്ട്.''

അതുകേട്ട പെൺകുട്ടിയുടെ മുഖമൊന്നു മങ്ങി. അവൾ പറഞ്ഞു: ''നിങ്ങൾ ആടിനെ കണ്ടുപിടിക്കൂ. ഞാൻ പോണൂ. എനിക്കല്പം എഴുതാനുണ്ട്.''

അത്രയും പറഞ്ഞ് അവൾ അതിവേഗം നടന്നു.

''എന്താടീ നീ പറഞ്ഞുവരുന്നത്. ഞങ്ങൾക്കൊന്നും മനസ്സിലാകുന്നില്ലല്ലോ?'' കൂടെ നിന്നവർ അമ്പരപ്പോടെ അവളെ നോക്കി.

''ഞാൻ പറഞ്ഞതു ശരിയാണ്. ആ ആട് നഷ്ടപ്പെട്ടത് എന്റെ അയൽക്കാരി ആശുമ്മയ്ക്കാണ്. അവർ എന്നോടു പറയുന്നു. മോളേ നീ സ്കൂളിലെ പോലീസല്ലേ. നീ വിചാരിച്ചാൽ എന്റെ ആടിനെ കണ്ടുപിടിച്ചു തരാൻ പറ്റില്ലേ എന്ന്. നമുക്കൊന്ന് ശ്രമിച്ചാലോ?''

''നീ എന്തു ഭ്രാന്താ ഈ പറയുന്നെ? നമ്മെക്കൊണ്ടാവുന്നതാണോ ഇത്?''

''മനുഷ്യനെക്കൊണ്ട് ആവാത്തത് ഒന്നുമില്ലെന്ന് നാം പഠിച്ചിട്ടില്ലേ?'' അശ്വതി അവരെ ഓർമിപ്പിച്ചു.

''അതിനു നാം ഗാന്ധിയും ലിങ്കനുമൊന്നുമല്ലല്ലോ?''

''തർക്കം വേണ്ട. നമുക്ക്



ക്ലാസ് ടീച്ചറോടൊന്നു പറയാം.'' കൂട്ടത്തിലുണ്ടായിരുന്ന ഫിലോമിനയുടേതായിരുന്നു ആ നിർദേശം.

കേട്ടപാടെ നടക്കാത്ത കാര്യമെന്ന് ടീച്ചർക്ക് ബോധ്യപ്പെട്ടു. എന്നാലും കുട്ടികളെ നിരാശപ്പെടുത്തേണ്ട എന്നു കരുതി ടീച്ചർ പറഞ്ഞു:

''നമുക്ക് പ്രിൻസിപ്പാളിനോടൊന്നു പറയാം. അദ്ദേഹത്തിന്റെ അഭിപ്രായമറിയാമല്ലോ''

അവർ പ്രിൻസിപ്പാളിന്റെ റൂമിലെത്തി. അദ്ദേഹം തിരക്കിലാണ്. എന്നിട്ടും അവരെ നോക്കി ചോദിച്ചു: ''എന്താ ടീച്ചർ പോലീസുമായിട്ട്?''

ടീച്ചർ പറഞ്ഞതൊക്കെ അദ്ദേഹം ശ്രദ്ധാപൂർവം കേട്ടു. എന്നിട്ടു പറഞ്ഞു:

''ഇത് നമ്മുടെ ജോലിയല്ലെന്ന് ടീച്ചർക്ക് അറിയില്ലേ.''

''അറിയാം, എന്നാലും പോലീസിന്റെ ചുമതലകളെക്കുറിച്ച് പഠിക്കുന്ന കുട്ടികൾ അതു സംബന്ധിച്ച ഒരു ആവശ്യവുമായി വരുമ്പോൾ നാമവരെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?''

അതുകേട്ട പ്രിൻസിപ്പാൾ പറഞ്ഞു:

''ശരിയാ. എന്നാലും അതെങ്ങനെ പ്രാവർത്തികമാക്കുമെന്ന കാര്യത്തിൽ എനിക്കു രൂപമില്ല.''

''എന്നാൽ അവർ പറയുന്നതിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്.''

''അതെന്താ?'' പ്രിൻസിപ്പാൾ ചോദ്യഭാവത്തിൽ ടീച്ചറെ നോക്കി.

''അതിന്റെ കഴുത്തിൽ രണ്ട് മുലകളുണ്ട്.''

''അങ്ങനെയോ?'' പ്രിൻസിപ്പാൾ ഒന്നു ചിരിച്ചു. എന്നിട്ടു പറഞ്ഞു:

''അജാഗളസ്തനം. ഞാൻ പറഞ്ഞത് മനസ്സിലാകുന്നുണ്ടോ? കുട്ടികളുടെ ഭാവം കണ്ടാൽ അവർക്കു മനസ്സിലായ

**അവർ പ്രിൻസിപ്പാളിന്റെ റൂമിലെത്തി. അദ്ദേഹം തിരക്കിലാണ്. എന്നിട്ടും അവരെ നോക്കി ചോദിച്ചു: "എന്താ ടീച്ചർ പോലീസുമായിട്ട്?" ടീച്ചർ പറഞ്ഞതൊക്കെ അദ്ദേഹം ശ്രദ്ധാപൂർവം കേട്ടു. എന്നിട്ടു പറഞ്ഞു: "ഇത് നമ്മുടെ ജോലിയല്ലെന്ന് ടീച്ചർക്ക് അറിയില്ലേ."**

മട്ടല്ല. ടീച്ചർക്കോ? സംശയമുണ്ടല്ലോ? എന്നാൽ ഞാൻ പറയാം. അജമെന്നാൽ ആട്. ഗളം- കഴുത്ത്. സ്തനം- മുല. ഇത്തരത്തിലൊരാട് ഞാൻ ഒന്നാംതരത്തിൽ പഠിക്കുമ്പോൾ എന്റെ വീട്ടിലുണ്ടായിരുന്നു. അതിനുപിന്നെ എന്തുപറ്റിയെന്നെനിക്കറിയില്ല. പിന്നിന്നുവരെ അത്തരത്തിലൊരാടിനെ ഞാൻ കണ്ടിട്ടുമില്ല.''

അന്നത്തെ അസംബ്ലിയിൽ പ്രിൻസിപ്പാൾ മൈക്കിലൂടെ പറഞ്ഞ കാര്യങ്ങൾ അശ്വതി ശ്രദ്ധാപൂർവം കേട്ടു.

''നമ്മുടെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ ലീഡറായ അശ്വതിയുടെ ആടിനെ കഴിഞ്ഞ രാത്രിയിൽ കാണാതായി. അവർ അതിനെ കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണ്. മറ്റാടുകൾക്കില്ലാത്ത ഒരു പ്രത്യേകത ഇതിനുണ്ട്. അതിന്റെ കഴുത്തിൽ ആടിന്റെ അകിടിലുള്ളതുപോലെ രണ്ടു ചെറുമുലകൾ. അത്തരത്തിലൊരാടിനെ നിങ്ങളാരെങ്കിലും കണ്ടാൽ എന്നെ അറിയിക്കണം. കണ്ടുപിടിക്കുന്നവർക്ക് എന്റേതായ ഒരു സമ്മാനമുണ്ട്.''

സ്കൂൾ വിട്ടനേരം വാസന്തി അശ്വതിയോട് ചോദിച്ചു: ''നമ്മുടെ പരിശ്രമത്തിന് വല്ല ഫലവും ഉണ്ടാകുമോടീ?''

''പരിശ്രമിക്കുക. പരിശ്രമത്തിന് ഫലം കിട്ടാതിരിക്കില്ല.''

സ്കൂൾ വിട്ടുവരുമ്പോഴും ആശുമ്മയുടെ വീട്ടുമുറ്റത്ത് ആൾക്കാരുണ്ട്. അങ്ങോട്ടു ചെന്നാൽ ആശുമ്മ ചോദിക്കുന്ന ചോദ്യങ്ങൾക്ക് അവൾക്കുത്തരമില്ല.

അന്ന് നല്ല മഴയുള്ള ദിവസമായിരുന്നു. അശ്വതി നേരത്തേ ഉറങ്ങാൻ കിടന്നു. പുതച്ചുറങ്ങുന്ന അവളെ തട്ടിയുണർത്തിക്കൊണ്ടമ്മ പറഞ്ഞു:

''എടീ നിന്നെക്കാണാൻ ആശുമ്മ വന്നിരിക്കുന്നു.''

അതുകേട്ട അശ്വതി തളർന്നു. അവരോട് ഞാനെന്തു പറയും? അവരെന്തു ചോദിച്ചാലും എനിക്കുത്തരമില്ല. അവൾ മടിച്ചുമടിച്ച് അമ്മയ്ക്ക് പിൻപേ മുറ്റത്തെത്തി.

അവളെ കണ്ടതും സന്തോഷത്തോടെ ആശുമ്മ ഓടിവന്ന് അവളെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു:


''മോളേ, എന്റെ ആടിനെ കിട്ടി. ഞാൻ രാവിലെ ഉണർന്നു നോക്കുമ്പോൾ ആട് മുറ്റത്തു നിൽക്കുന്നു. എനിക്ക് സന്തോഷമായി.''

അക്കാര്യം കൂട്ടുകാരെ അറിയിക്കാൻ അശ്വതിക്കു ധൃതിയായി. അവളന്നു നേരത്തേ സ്കൂളിലെത്തി. ആരെയും കാണുന്നില്ല. കുട്ടികൾ വരാനുള്ള നേരമാവുന്നതേയുള്ളൂ. അങ്ങനെ കൂട്ടുകാരെയും കാത്ത് നിൽക്കുമ്പോൾ അതാ ഒരാൾ നടന്നുവരുന്നു. ഇന്നലെ താൻ കണ്ട പെൺകുട്ടി. തന്നെ കണ്ടെങ്കിലും അവൾ മുഖം തരാതെ നടക്കുകയാണ്. അവളെ തടഞ്ഞുനിർത്തിക്കൊണ്ട് അശ്വതി പറഞ്ഞു: ''കാണാതായ എന്റെ ആടിനെക്കിട്ടി.''

അവളതു കേട്ടെങ്കിലും കേൾക്കാത്ത ഭാവത്തിൽ അതിവേഗം നടന്നു.

# വലിയ ലോകത്തിലെ ചെറിയ മനുഷ്യർ

എം ചന്ദ്രപ്രകാശ്



മലയാളസിനിമയെ അന്തർദേശീയ തലത്തിലേക്കുയർത്തിയ സംവിധായകനായിരുന്നു ജി അരവിന്ദൻ. മാതൃഭൂമി വാരികയിൽ പ്രസിദ്ധീകരിച്ച *ചെറിയ മനുഷ്യനും വലിയ ലോകവും* എന്ന കാർട്ടൂൺ പരമ്പര കാർട്ടൂണിസ്റ്റ് എന്ന നിലയിൽ അദ്ദേഹത്തെ പ്രശസ്തനാക്കി.

റബ്ബർബോർഡിൽ ജോലിചെയ്തിരുന്ന കോഴിക്കോടൻ കാലത്താണ് അരവിന്ദൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'ചെറിയ മനുഷ്യരും വലിയ ലോകവും' എന്ന കാർട്ടൂൺ പരമ്പര വരച്ചുതുടങ്ങിയത്. ആഴ്ചതോറും ആഴ്ചപ്പതിപ്പിന്റെ അവസാനതാളിൽ പ്രത്യക്ഷപ്പെട്ട ആ പരമ്പര മലയാളിയുടെ സദാചാരബോധത്തെയും സാമൂഹ്യകാഴ്ചപ്പാടിനെയും മാറ്റിമറിച്ചു. ചുറ്റും കണ്ട ലോകത്തെ ആക്ഷേപഹാസ്യത്തിന്റെ നിറം കൊടുത്ത് അരവിന്ദൻ ആവിഷ്കരിച്ചപ്പോൾ തകർന്നുവീണത് അന്നുവരെ എന്തോ ആണെന്ന് കൊട്ടിഘോഷിക്കപ്പെട്ട ചില പരമ്പരാഗത മാമൂലുകളും ബിംബങ്ങളുമാണ്. മലയാളത്തിലെന്നല്ല ഇതര ഇന്ത്യൻ ഭാഷകളിൽത്തന്നെ ഇത്തരമൊരു സംരംഭം മുമ്പൊന്നും സംഭവിച്ചിരുന്നില്ല. 1960–70 കളിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ തുടർച്ചയായി വന്ന ഈ പരമ്പര 1978–ൽ ആദ്യമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. അതിന്റെ ആമുഖത്തിൽ പ്രസിദ്ധ ചിത്രകാരനും എഴുത്തുകാരനുമായ എം വി ദേവൻ ഇങ്ങനെ എഴുതി: ''കുഞ്ചനും തോലനും ഈവിയും സഞ്ജയനും കേരളീയ പാരമ്പര്യത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. അത്രതന്നെ പ്രധാനമല്ലെങ്കിലും അഭ്യസ്തവിദ്യരായ കേരളീയർക്ക് തർബറും ഫെർഗാഡും സ്റ്റീൻബർഗും സീർലിയും രസികത്വത്തിന്റെ പുതിയ ഭൂമികകൾ വിരചിച്ചവരത്രേ. ഇതിൽ ആദ്യത്തെ പാരമ്പര്യം സാഹിത്യത്തിന്റെ വഴിക്കും രണ്ടാമത്തേതു ചിത്രത്തിലൂടെയും പ്രകാശനം സാധിച്ചിരിക്കുന്നു. അരവിന്ദൻ ഈ രണ്ടു ധാരകളെയും കൂട്ടിയിണക്കുന്ന കണ്ണിയാണെന്നു പറയാം. അദ്ദേഹത്തിന്റെ 'ചെറിയ മനുഷ്യരും വലിയ ലോകവും' ഈ അർഥത്തിൽ ഒരു ചിത്രകാവ്യമാകുന്നു!''

ഏറെ ശ്രദ്ധിക്കപ്പെട്ട ഒട്ടനവധി കാർട്ടൂണിസ്റ്റുകൾ നമുക്കുണ്ട്. അതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പേരാണ് കാർട്ടൂണിസ്റ്റ് ശങ്കർ. അദ്ദേഹത്തിന്റെ ശിഷ്യപരമ്പരയിലെ മലയാളികളായ ഒ വി വിജയനടക്കം പലരും ഈ കലയിൽ പ്രാഗൽഭ്യം തെളിയിച്ചു. യേശുദാസനും ഗഫൂറും അബു എബ്രഹാമും സമകാലീന രാഷ്ട്രീയ



Cheriya Manushyarum
Valiya Lokavum.
(Little Men and the
Big World)
Early Drawing . 1960s

–സാമൂഹ്യ പ്രശ്നങ്ങളോട്, തങ്ങളുടെ തൂലിക കോറിയിട്ട വരകളിലൂടെ ശക്തമായി പ്രതികരിച്ച പ്രതിഭാധനന്മാരാണ്. ഇതിൽ മലയാളിയായ അബു എബ്രഹാം ഇംഗ്ലണ്ടിൽ നിന്ന് പുറത്തിറങ്ങിയ 'ഒബ്സർവർ', 'ഗാർഡിയൻ' തുടങ്ങിയ പത്രങ്ങളിലെ സ്റ്റാഫ് കാർട്ടൂണിസ്റ്റായിരുന്നു. ശക്തമായ ആക്ഷേപഹാസ്യവും കറുത്ത നർമവും സാമൂഹ്യപ്രതിബദ്ധതയും കലർത്തിയ രചനാശൈലിയിലൂടെ ഇവരെല്ലാം ദൈനംദിന ജീവിതത്തോട് നിരന്തരമായി കലഹിച്ചുകൊണ്ടിരുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി അരവിന്ദൻ സ്ട്രിപ്പ് കാർട്ടൂണുകളിലൂടെ സാഹിത്യത്തെയും കാർട്ടൂൺ കലയെയും ദാർശനിക പരിവേഷത്തോടെ കൂട്ടിയിണക്കി.

അന്നത്തെ യുവതലമുറയുടെ ജീവിതാവസ്ഥയും വ്യർഥതാബോധവും ധർമസങ്കടങ്ങളും ചിത്രീകരിക്കുക മാത്രമല്ല, നൈതിക മൂല്യങ്ങളുടെ തിരസ്കാരത്തിലൂടെ മനുഷ്യർ ചെന്നെത്താവുന്ന ഭാവിയുടെ ഇരുണ്ട മുഖങ്ങളെയും അദ്ദേഹം ദീർഘദർശനം ചെയ്തു. സ്ട്രിപ്പ് കാർട്ടൂണുകളുടെ രചനാസമ്പ്രദായത്തിൽ നിന്ന് തുലോം വ്യത്യസ്തമായി രാമു എന്ന ഒരു കേന്ദ്രകഥാപാത്രത്തെ സൃഷ്ടിച്ചുകൊണ്ടാണ് അരവിന്ദൻ 'വലിയ ലോകത്തിലെ ചെറിയ മനുഷ്യരെ' അവതരിപ്പിച്ചത്. ബൗദ്ധികമായ ഉൾക്കാഴ്ചയിലൂടെ, രാമുവിന്റെ വീക്ഷണത്തിലൂടെയാണ് അരവിന്ദൻ സിനിമയിലെന്നപോലെ ജീവിതത്തെ ദൃശ്യവൽക്കരിച്ചത്! അരവിന്ദനു മാത്രം സാധിക്കുന്ന ഒരുതരം 'മാജിക്കൽ ഡ്രോയിങ്' ആണ് അതിനെ അനശ്വരമാക്കിയത്.

മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ വായനക്കാർ ആഴ്ചാവസാനം ആകാംക്ഷയോടെ കാത്തിരുന്ന അരവിന്ദന്റെ ഈ കാർട്ടൂൺ പരമ്പരയുടെ പിറവിയെക്കുറിച്ച്, ആഴ്ചപ്പതിപ്പിൽ അത് പ്രസിദ്ധീകരിക്കാൻ മുൻകൈയെടുത്ത അന്നത്തെ പത്രാധിപർ കൂടിയായ എം ടി വാസുദേവൻ നായർ ഇങ്ങനെ ഓർത്തെഴുതിയിട്ടുണ്ട്.

**സ്ട്രിപ്പ് കാർട്ടൂണുകളുടെ രചനാസമ്പ്രദായത്തിൽനിന്ന് തുലോം വ്യത്യസ്തമായി രാമു എന്ന ഒരു കേന്ദ്രകഥാപാത്രത്തെ സൃഷ്ടിച്ചുകൊണ്ടാണ് അരവിന്ദൻ 'വലിയ ലോകത്തിലെ ചെറിയ മനുഷ്യരെ' അവതരിപ്പിച്ചത്.**

''വളരെ മുമ്പാണ്, ഞങ്ങൾ മൂന്നു ചെറുപ്പക്കാർ ഇടയ്ക്ക് ഒത്തുകൂടുമായിരുന്നു. മഹാകവി ജിയുടെ മകൻ രവി, ലളിതാംബിക അന്തർജനത്തിന്റെ മകൻ എൻ മോഹനൻ, ഞാൻ... എറണാകുളമാണ് സങ്കേതം. ആ സംഘത്തിലേക്ക് ചിലപ്പോൾ എം അച്യുതൻ കടന്നുവരും. മോഹനൻ മുഖേന രാമൻ നമ്പൂതിരിയും കെ ടി രാമവർമ്മയും ചിലപ്പോൾ എത്തിപ്പെട്ടിട്ടുണ്ട്. പഴയ 'സീവ്യൂ' ഹോട്ടലായിരുന്നു മിക്കപ്പോഴും രംഗം. സംഘത്തിൽ വരേണ്ട ഒരാളെപ്പറ്റി രവിയും മോഹനനും ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. അരവിന്ദൻ റബ്ബർബോർഡിലെ ഉദ്യോഗസ്ഥനാണ്. ഞങ്ങൾ അരവിന്ദൻ വരുമെന്ന് കരുതി രണ്ടുതവണ കാത്തിരുന്നു. വന്നില്ല. ഞാൻ നേരിട്ടു കണ്ടില്ലെങ്കിലും അരവിന്ദൻ സംഘത്തിലെ അദൃശ്യനായ അംഗമായി മാറി. പിന്നീടാണ് അരവിന്ദന് മാറ്റം കിട്ടി കോഴിക്കോട്ടേക്കു വരുന്നു എന്ന് മോഹനൻ അറിയിച്ചത്. അരവിന്ദന് ഒരു മുറി സംഘടിപ്പിക്കണം എന്ന് നിർദേശം വന്നു.

തിക്കോടിയൻ, പട്ടത്തുവിള കരുണാകരൻ, എൻ പി മുഹമ്മദ് എന്നിവരോടു വിവരം പറഞ്ഞു. പാരഗൺ ഹോട്ടലിന്റെ മുകളിൽ നാലു മുറികൾ മാസവാടകയ്ക്ക് കൊടുക്കുന്നുണ്ട്. പാരഗണിന്റെ പിന്നിലായി ബാലൻ കെ നായർക്ക് ഒരു ഓട്ടോമൊബൈൽ വർക്ക്ഷോപ്പുണ്ട്. ബാലൻ




മുഖേന അവിടെ മുറി പറഞ്ഞുവച്ചു. അരവിന്ദൻ വന്നു. മാതൃഭൂമിയുടെ ഓഫീസിലാണെത്തിയത്. ഞങ്ങൾ ആദ്യം കാണുകയാണ്. ഏങ്കിലും ദീർഘകാലം പരിചയമുള്ളവരാണെന്ന തോന്നൽ രണ്ടുപേർക്കുമുണ്ടായിരുന്നു. അരവിന്ദൻ താമസിച്ച മുറി പിന്നീട് എഴുത്തുകാർ, പത്രപ്രവർത്തകർ, ചിത്രകാരന്മാർ, നാടകക്കാർ തുടങ്ങി പലരുടെയും സങ്കേതമായി മാറി. ഡോക്ടർ ഗോപി, കെ ടി രാമവർമ്മ തുടങ്ങിയവർ ഇടയ്ക്കുവരും. അരവിന്ദന് സാഹിത്യത്തിൽ മാത്രമായിരുന്നില്ല താത്പര്യം. സിനിമ, ചിത്രം, സംഗീതം, നാടകം എല്ലാം പ്രിയപ്പെട്ട മേഖലകളായിരുന്നു. ഉത്തരേന്ത്യൻ സംഗീതത്തിലെ അവഗാഹം എന്നെ അത്ഭുതപ്പെടുത്തിയെന്നുതന്നെ പറയാം. ആഴ്ചപ്പതിപ്പിൽ ഒരു പേജ് കാർട്ടൂൺ അരവിന്ദനെക്കൊണ്ട് വരപ്പിച്ചാലോ എന്ന ഒരാലോചന ഞാൻ മനസ്സിൽ കൊണ്ടുനടക്കുകയായിരുന്നു. ഒരിക്കൽ അരവിന്ദനുമായി സംസാരിച്ചു. പ്രശ്നം സമയമായിരുന്നു. ആഴ്ചക്കാഴ്ചയ്ക്ക് മുടങ്ങാതെ വരയ്ക്കുന്ന ബാധ്യതയെപ്പറ്റിയായിരുന്നു അരവിന്ദന്റെ ഭയം. ഞങ്ങൾ രണ്ടുപേർമാത്രം ചേർന്ന സ്വകാര്യ ആലോചനകൾ അങ്ങനെ നീണ്ടുപോയി. അവസാനം അതു തീരുമാനിച്ചു.''

രാമു എന്ന ചെറുപ്പക്കാരന്റെ കാഴ്ചയിലൂടെ, അനുഭവങ്ങളിലൂടെ മുന്നേറുന്ന പാരമ്പര്യതിരസ്കൃതമായ ഒരു കാർട്ടൂൺ പംക്തിയാണ് അരവിന്ദൻ വിഭാവനം ചെയ്തത്. കാർട്ടൂൺ പ്രസിദ്ധീകരിച്ചു തുടങ്ങിയ ആദ്യകാലത്ത് അസഭ്യം കുത്തിനിറച്ച ചില ഊമക്കത്തുകളും ശകാരക്കത്തുകളും ലഭിച്ചിരുന്നു. അതൊന്നും അരവിന്ദനെ അക്ഷോഭ്യനാക്കിയില്ല. പക്ഷേ ക്രമേണ 'വലിയ ലോകത്തിലെ ചെറിയ മനുഷ്യ'രെ വായനക്കാർ ഇരുകൈയും നീട്ടി സ്വീകരിക്കുകയാണുണ്ടായത്. ഇത് അരവിന്ദനെപ്പോലും അത്ഭുതപ്പെടുത്തി.

നമ്മുടെ കാലത്തെ മലീമസമാക്കിയ രാഷ്ട്രീയ കാപട്യങ്ങൾ, നെറികേടുകൾ, പൊങ്ങച്ചങ്ങൾ, മൂല്യച്യുതികൾ എല്ലാം വരകളിലൂടെ ആവിഷ്കരിക്കപ്പെട്ടു. കേന്ദ്രകഥാപാത്രമായ രാമുവിന്റെ ഇടത്തരം കുടുംബത്തിന്റെ വിഹ്വലതകളിലൂടെ, സ്വപ്നങ്ങളിലൂടെ ആ കാലത്തെ സമൂഹത്തിന്റെ സത്യസന്ധമായ ജീവിതചിത്രങ്ങൾ വെളിവാക്കപ്പെട്ടു. അന്ന് സാധാരണക്കാരായ ആളുകളും ബുദ്ധിജീവികളും ചർച്ചചെയ്തിരുന്ന രാഷ്ട്രീയവും സാഹിത്യവും സിനിമയും കലയും എല്ലാം കാർട്ടൂണുകൾക്ക് വിഷയമായി. വായനക്കാരന്റെ മനസ്സിൽ അടർത്തിമാറ്റാനാവാത്തവിധം പ്രതിഷ്ഠിക്കപ്പെട്ട ചില കഥാപാത്രങ്ങൾ ഈ പരമ്പരയെ വ്യത്യസ്തവും അനശ്വരവുമാക്കി. രാമുവിന്റെ ലോകത്തിലെ മറക്കാനാവാത്ത മനുഷ്യരാണ് ഗുരുജിയും സ്വാമിജിയും അബുവും നാഗൻപിള്ളയുമൊക്കെ. രാമുവിന്റെ അനിയത്തി രാധയെ കണ്ണുനീരിന്റെ നനവോടുകൂടി മാത്രമേ ഓർക്കാനാവൂ.

രാമുവിന്റെ ചില നിരീക്ഷണങ്ങളും അഭിപ്രായങ്ങളും അന്നത്തെ ആസ്വാദകർക്കിടയിൽ ഏറെ ചർച്ചചെയ്യപ്പെട്ടിരുന്നു. ട്യൂട്ടോറിയൽ കോളേജിൽ കുറച്ചുകാലം പഠിപ്പിച്ചതിന്റെ പേരിൽ രാമുവിനോട്, ''നീ ഒരു ചെറിയ റിട്ടയേർഡ് പ്രൊഫസറാണെന്ന് കേട്ടിട്ടുണ്ടല്ലോ!'' എന്ന് ഒരു സുഹൃത്ത് പറയുന്നുണ്ട്. ഇത് കേട്ട് ഗുരുജി പറയുന്ന വചനം ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യും: ''ലോർക്ക എവിടെയോ ഓന്തിനെ ഒരു 'തുള്ളി' മുതല എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.'' ജനപ്രിയമായ ഒരു ആസ്വാദന നിലവാരമല്ല ഈ പരമ്പരയുടേത്. നല്ല വായനയും സംവേദനക്ഷമതയും ഉള്ളവർക്കു മാത്രമേ അരവിന്ദന്റെ ദർശനവും ചിന്തകളും ഉൾക്കൊള്ളാനാവൂ. അത്തരത്തിൽ അതിനെ ഒരാഘോഷമായി ഏറ്റുവാങ്ങിയ കുറേപ്പേരുണ്ടായിരുന്നു.

മറ്റുള്ളവരുടെ കുറ്റവും കുറവും കണ്ടുപിടിക്കാൻ നടക്കുന്ന തിരക്കിനിടയിൽ സ്വന്തം പരിമിതികൾ കാണാനാവാത്തവരാണ് അധികംപേരും. രാമുവിന്റെ ലോകത്തിൽ സത്യത്തിനു നേരെ തുറന്നുപിടിച്ച ക്യാമറയുമായാണ് അരവിന്ദൻ സഞ്ചരിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹം സൃഷ്ടിച്ച മഹത്തായ സിനിമകൾപോലെ മഹത്തരമാണ് 'ചെറിയ മനുഷ്യരും വലിയ ലോകവും' എന്ന കാർട്ടൂൺ പരമ്പര!

*(ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ശ്രീ. എം ചന്ദ്രപ്രകാശ് രചിച്ച മൗനത്തിന്റെ തമ്പിൽ നിന്ന് എന്ന പുസ്തകത്തിൽ നിന്ന് എടുത്തത്)*

# അവസരവാദത്തിന്റെ ആശാൻ

**പള്ളിയറ ശ്രീധരൻ**

അവസരവാദം ഒരു കലയാക്കി സ്വീകരിച്ചുകൊണ്ട് എല്ലായ്പ്പോഴും സുഖജീവിതം നയിക്കാൻ പരമാവധി ശ്രമിച്ചിരുന്ന തന്ത്രശാലിയായ ഒരു ഗണിതശാസ്ത്രജ്ഞനായിരുന്നു പിയർ സൈമൺ ലാപ്ലസ്.

'ഫ്രാൻസിലെ ന്യൂട്ടൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ലാപ്ലസ് 1749 മാർച്ച് 23 ന് ഫ്രാൻസിലെ നോർമൻസിയിൽ ഒരു സാധാരണ കർഷകതൊഴിലാളിയുടെ മകനായി ജനിച്ചു. ദാരിദ്ര്യം നിമിത്തം കൂടുതൽ വിദ്യാഭ്യാസം നേടാൻ സാധിച്ചില്ലെങ്കിലും സ്വന്തം പരിശ്രമത്തിലൂടെ ഗണിതത്തിൽ സമർത്ഥനാകാൻ സാധിച്ചു.

ഗണിതലോകം കീഴടക്കാൻ അദ്ദേഹം പാരീസിലെത്തി. പാരീസിലെ പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ ദാലംബേറിനെ സന്ദർശിച്ചു. ദാലംബേർ ലാപ്ലാസിനെ സ്വീകരിച്ചില്ല. നിരാശപ്പെട്ട ലാപ്ലാസ് തന്റെ കണ്ടുപിടിത്തങ്ങൾ വിശദീകരിക്കുന്ന കത്ത് ദാലംബേറിന് അയച്ചുകൊടുത്തു. ഈ കത്ത് ദാലംബേറിനെ അത്ഭുതപ്പെടുത്തി. പിന്നീട് അവർ യോജിച്ചുപ്രവർത്തിച്ചു. ലാപ്ലാസ് അമൂല്യമായ നിരവധി കണ്ടുപിടിത്തങ്ങൾ നടത്തുകയുണ്ടായി.



മാറിമാറി വരുന്ന ഭരണാധികാരികളുടെ കണ്ണിലുണ്ണിയായി സുഖസമൃദ്ധമായ ജീവിതം നയിക്കാൻ എപ്പോഴും ലാപ്ലാസ് ശ്രദ്ധിച്ചിരുന്നു. ചെറുപ്പകാലത്ത് തന്റെ അയൽപക്കത്തുള്ള പ്രഭുകുടുംബങ്ങളിലെ വളർത്തുനായകളുടെ സുഖജീവിതത്തിൽ അദ്ദേഹം അസൂയപ്പെട്ടിരുന്നു. ഏതു മാർഗം ഉപയോഗിച്ചും സ്ഥാനമാനങ്ങളും സുഖഭോഗങ്ങളും നേടുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു.

ഭരണാധികാരികളായിരുന്ന ലൂയി പതിനാറാമന്റെയും മേരി അറ്റോർണിന്റെയും വിശ്വസ്ത സേവകനായി ജീവിച്ചിരുന്ന ലാപ്ലസ് ഫ്രഞ്ച് വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ ജനകീയ ഭരണത്തിന്റെ സ്തുതിപാഠകനായി മാറുകയുണ്ടായി. ഭരണാധികാരിക്ക് എതിരായി നിന്നതിനാൽ തന്റെ സഹപ്രവർത്തകനായിരുന്ന ലാവോസിയറുടെ ശിരസ്സ് ഗില്ലറ്റിൻ യന്ത്രം അരിഞ്ഞുവീഴ്ത്തിയപ്പോൾ തന്ത്രശാലിയായ ലാപ്ലാസ് ഭരണാധികാരിയുടെ കണ്ണിലുണ്ണിയായി ജീവിക്കുകയാണുണ്ടായത്. അവസരവാദത്തെ ഒരു കലയും ശാസ്ത്രവുമായി മാറ്റി സുഖജീവിതം നയിച്ച ലാപ്ലാസ് 1827 മാർച്ച് 5 ന് പാരീസിൽ വച്ച് അന്തരിച്ചു.

palliyarasreedharan@gmail.com



# വിശപ്പ്

**രജനി സുരേഷ്**

വര: സന്തോഷ് വെളിയന്നൂർ

''അഭയാ...,നിനക്കിന്ന് എന്തുപറ്റി? മുഖം വാടിയിട്ടുണ്ടല്ലോ? ഈ മ്ലാനമുഖം നിനക്കൊരിക്കലും ചേരില്ല കുട്ടീ...''

ക്ലാസ്സിൽ ടീച്ചർ ചോദിച്ചതു കേട്ടാണ് അഭയ ഞെട്ടിയുണർന്നത്.

''ഒന്നുമില്ല ടീച്ചർ...''

അഭയയുടെ ഉത്തരത്തിൽ ടീച്ചർ തൃപ്തയല്ലെന്ന് ആ മുഖം വ്യക്തമാക്കി.

ക്ലാസ്സ് കഴിഞ്ഞ് ടീച്ചർ പുറത്തേക്കു നടന്നു. സ്റ്റാഫ് റൂം എത്താറായപ്പോൾ പിന്നിൽ നിന്നൊരു വിളി.

''അമ്പിളിടീച്ചർ...''

''എന്താ അഭയ?''

''ടീച്ചറോട് എനിക്കൊരു കാര്യം പറയാനുണ്ട്. ടീച്ചർ ഫ്രീയാണോ?''

''ആണല്ലോ മോളേ, പറഞ്ഞോളൂ...''

ടീച്ചർ അഭയയേയും കൂട്ടി സ്കൂൾ മൈതാനത്തിനരികിൽ തണൽ വിരിച്ചുനിൽക്കുന്ന മാവിൻ ചുവട്ടിലേക്കു നടന്നു.

''പറയൂ ...എന്താണ് പറയാനുള്ളത്?''

ടീച്ചറുടെ ചോദ്യം അവളെ വീണ്ടും സ്ഥലകാലബോധത്തിലെത്തിച്ചു.

''ടീച്ചർ ... ഞാനിന്ന് സ്കൂളിലേക്കു വരുമ്പോൾ വഴിയരികിൽ വല്ലാത്തൊരു കാഴ്ച കണ്ടു. ആരോരുമില്ലാത്ത ഒരമ്മ ഒരു മരത്തണലിലിരുന്ന് ഒരുനേരത്തെ ഭക്ഷണത്തിനു വേണ്ടി യാചിക്കുന്നു. ആരും അവരെ ശ്രദ്ധിക്കുന്നില്ല. എന്താണ് ടീച്ചർ നമ്മുടെ നാട് ഇങ്ങനെയായത്?'' അഭയ ചോദിച്ചു.

അഭയയുടെ ചോദ്യത്തിനു മുന്നിൽ അമ്പിളിടീച്ചർ ഒന്നു പതറി. ഒരുനിമിഷം മൗനം അവലംബിച്ച് ടീച്ചർ പറഞ്ഞു.

''സമൂഹത്തിലെ ചിന്താഗതികളെ പെട്ടെന്ന് മാറ്റിയെടുക്കുവാൻ നമുക്ക് കഴിഞ്ഞെന്നു വരില്ല കുട്ടീ... ഉപഭോഗസംസ്കാരത്തിനടിമപ്പെട്ട് സുഖലോലുപരായി കഴിയുമ്പോൾ പലരും കാണേണ്ട കാഴ്ചകൾക്കു നേരേ പുറംതിരിഞ്ഞു നിൽക്കും.''

ഒരുനിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം ടീച്ചർ തുടർന്നു:

''നീ, പക്ഷേ ആ അമ്മയ്ക്കു വേണ്ടി എന്തു ചെയ്തു?''

''ടീച്ചർ, ഞാനെന്റെ ഉച്ചഭക്ഷണം ആ അമ്മയ്ക്കു നൽകി. അവരത് ആർത്തിയോടെ ഭക്ഷിച്ചു. നാളെ രാവിലെ അവിടെത്തന്നെ ഇരിക്കുവാൻ ഞാൻ ആ അമ്മയോടു പറഞ്ഞിട്ടുണ്ട്. ആ മരച്ചുവട് അമ്മയ്ക്ക് ആശ്രയമായതു പോലെ, എന്റെ ഒരു നേരത്തെ ഭക്ഷണം അവരുടെ വിശപ്പകറ്റട്ടെ.'' അവളുടെ മറുപടി പെട്ടെന്നായിരുന്നു.

ഒന്നു ശങ്കിച്ച് അഭയ തുടർന്നു:

''പക്ഷേ, ടീച്ചർ... എനിക്കൊരു സങ്കടം.''

''എന്താ അഭയാ?'' ടീച്ചർ ചോദിച്ചു.

''പക്ഷേ, ആ അമ്മയുടെ ഹൃദയത്തിന്റെ വിശപ്പടക്കാൻ ആർക്കാണ് സാധിക്കുക? അതാണ് ഞാൻ ആലോചിച്ചിരുന്നത്.''

അഭയയുടെ ചോദ്യം ടീച്ചറെ തെല്ലൊന്ന് അമ്പരിപ്പിച്ചു. അവളുടെ ചോദ്യത്തിനുള്ള ഉത്തരം തേടി അമ്പിളിടീച്ചർ, തണൽ വിരിച്ച ആ മാവിൻചുവട്ടിൽ ഏറെനേരം ഇരുന്നു.

# ബാലസാഹിത്യപുരസ്കാരം 2021 പ്രഖ്യാപിച്ചു


കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 2021ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച ബാലസാഹിത്യകാരന്മാരെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യ പുരസ്കാരങ്ങൾ നൽകിവരുന്നത്.

കഥ/നോവൽ, കവിത, നാടകം, വൈജ്ഞാനികം, ശാസ്ത്രം, പുനരാഖ്യാനം/വിവർത്തനം, ആത്മകഥ/ജീവചരിത്രം, ചിത്രീകരണം, ചിത്രപുസ്തകം, പ്രൊഡക്ഷൻ/ഡിസൈനിങ് എന്നിങ്ങനെ പത്ത് വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്.

20,000/- രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

## പുരസ്കാര ജേതാക്കൾ

**കഥ/നോവൽ**



**സേതു**
(അപ്പുവും അച്ചുവും)

**കവിത**



**മടവൂർ സുരേന്ദ്രൻ**
(പാട്ടുപത്തായം)

**വൈജ്ഞാനികം**



**മനോജ് അഴീക്കൽ**
(അച്ചുവിന്റെ ആമക്കുഞ്ഞുങ്ങൾ)

**നാടകം**




**പ്രതീപ് കണ്ണങ്കോട്**
(ശാസ്ത്രത്തിന്റെ കളിയരങ്ങിൽ)

**ശാസ്ത്രം**



**സുധീർ പൂച്ചാലി**
(മനുഷ്യഹോർമോണുകളുടെ വിസ്മയം)

**ജീവചരിത്രം**



**സി റഹിം**
(സാലിം അലി-ഇന്ത്യൻ പക്ഷിശാസ്ത്രത്തിന്റെ പിതാവ്)

**പുനരാഖ്യാനം**




**സാഗാ ജെയിംസ്**
(ബീർബൽ കഥകൾ)

**ചിത്രീകരണം**




**റോഷൻ**
(ആനയും പൂച്ചയും)

**ചിത്രപുസ്തകം**



**പ്രശാന്തൻ മുരിങ്ങേരി**
(കൊലുമുട്ടായി ഡിങ്ങ് ഡിങ്ങ്)

**പുസ്തകഡിസൈൻ**




**ജനു / ശ്രീലേഷ് കുമാർ**
(ഇനി ചെയ്യൂല്ലാട്ടോ)

# അക്ഷരക്കളികൾ

**ഷാഫി കോട്ടയിൽ**

## അക്ഷരക്കളികൾ - 1

കളങ്ങളിലെ അക്ഷരങ്ങൾ ശ്രദ്ധിക്കൂ. അവ ഉപയോഗിച്ച് ഒരേ അർഥം വരുന്ന 4 ജോഡി പദങ്ങൾ കണ്ടെത്തുക.

| | | |
|---|---|---|
| ആ | നം | ദി |
| വ | സം | ഖം |
| കാ | ന | ട് |
| വാ | മു | ശം |



### ഉത്തരം

1. വാനം – ആകാശം
2. ദിനം – ദിവസം
3. ആനനം – മുഖം
4. വനം – കാട് (കാനനം)

## അക്ഷരക്കളികൾ -2

ഇതാ ഒരു മാന്ത്രികക്കളം. പത്ത് കളങ്ങളുണ്ട്. പത്തു കളങ്ങളിലുമായി 11 പദങ്ങൾ നിറയ്ക്കണം. കട, കവി, വിട, കുത, കക്കയം, പൂപ്പാടം, കുപ്പായം, പൂക്കട, കുടം, തടം, പൂയം എന്നിവയാണ് പദങ്ങൾ. ഒരു കളത്തിൽ ഒരക്ഷരമേ പാടുള്ളൂ. താഴോട്ടും വല ത്തോട്ടും കോണുകളായും അക്ഷരങ്ങൾ നിരത്താം. ഒന്നു ശ്രമിച്ചുനോക്കൂ.

| | | | |
|---|---|---|---|
| | | 1 | 2 |
| | 3 | 4 | 5 |
| 6 | 7 | 8 | |
| 9 | 10 | | |

## ഉത്തരം

| | | | |
|---|---|---|---|
| | | ക | വി |
| | പൂ | ക്ക | ട |
| കു | പ്പാ | യം | |
| ത | ടം | | |

## അക്ഷരക്കളികൾ - 3

### വാക്യം ശരിയാക്കി എഴുതുക

1. ട്ടികുകൾക്ക് സിരച്ചു ഠിപക്കാൻ ളിതര്
2. തംഭാര ടെനമ്മു ണ്നാടാ
3. രമതാ ഷ്പംപു യശീദേ ടെമ്മുന

## ഉത്തരം

1. കുട്ടികൾക്ക് രസിച്ചു പഠിക്കാൻ തളിര്
2. ഭാരതം നമ്മുടെ നാടാണ്.
3. നമ്മുടെ ദേശീയപുഷ്പം താമര.



## അക്ഷരക്കളികൾ - 4

### ചിഹ്നക്കളി

കളത്തിൽ നാല് അക്ഷരങ്ങളും പുറത്ത് രണ്ട് ചിഹ്നങ്ങളുമുണ്ട്. അവ ഉപയോഗിച്ച് അഞ്ച് അക്ഷരമുള്ള ഒരു പദം എഴുതുക. (ക രണ്ടുപ്രാവശ്യം ഉപയോഗിക്കാം)

| | | |
|---|---|---|
| ം | ആ | ോ |
| ട | ല | ക |

## ഉത്തരം

ആടലോടകം

# മരപ്പാവ

ശ്രീജ ആർ എസ്

“ഏതെങ്കിലും മൂലയ്ക്ക് പോയിരിക്കാം” മരപ്പാവ എപ്പോഴും ഇങ്ങനെ വിചാരിച്ചു കടയുടെ ഒരു മൂലയിൽ മാറിയിരിക്കുമായിരുന്നു.

തന്നെ കാണാൻ കൊള്ളില്ല, തന്റെ ദേഹം കട്ടിയുള്ളതാണ്, തനിക്ക് ഭംഗിയുള്ള ഉടുപ്പില്ല, ഇങ്ങനെ കുറേ ചിന്തകൾ മരപ്പാവക്ക് ഉണ്ടായിരുന്നു.

കടയിലെ മറ്റു പാവകളെ നോക്കി അസൂയപ്പെടുക ആയിരുന്നു മരപ്പാവയുടെ പ്രധാന ജോലി. മരപ്പാവ പറയുന്നതും ശരിയായിരുന്നു. വളരെ ഭംഗിയുള്ള പാവകൾ ആയിരുന്നു അവിടെ ഉണ്ടായിരുന്നത്. അതു മാത്രമല്ല; കരയുന്ന പാവ, ചിരിക്കുന്ന പാവ, പാട്ടുപാടുന്ന പാവ ഒക്കെ ഉണ്ടായിരുന്നു. തനിക്കാണെങ്കിൽ ചിരിക്കുന്ന മുഖം പോലും ഇല്ല.

ഒരുദിവസം ഒരു മുത്തശ്ശനും കൊച്ചുമോളും കടയിൽ വന്നു. കൊച്ചുമോൾക്ക് പിറന്നാൾ സമ്മാനമായി കളിപ്പാവ വാങ്ങാനാണ് അവർ വന്നത്. പാട്ടുപാടിക്കൊണ്ട് കറങ്ങി ഡാൻസ് കളിക്കുന്ന പാവയും പഞ്ഞിപ്പാവയും ഒക്കെ അവർ വാങ്ങി. അവിടിരിക്കുന്ന പാവകൾ കൊച്ചുമോൾക്ക് മാത്രമല്ല മുത്തശ്ശനും ഇഷ്ടമായി. മുത്തശ്ശന് തന്റെ കുട്ടിക്കാലം ഓർമ വന്നു.

അവസാനം മുത്തശ്ശൻ ചോദിച്ചു:

“ഇവിടെ മരപ്പാവ ഉണ്ടോ?”

ഇത് കേട്ട കൊച്ചുമോൾ ചിരിച്ചു. “മരപ്പാവയോ, അതെന്തോന്ന്?”

കടക്കാരൻ ആ മരപ്പാവയെ എടുത്തുകൊടുത്തു. കൊച്ചുമോൾക്ക് അത് ഒട്ടും ഇഷ്ടമായില്ല. “അയ്യേ... ഇത് ഒരു ചന്തോം ഇല്ല, എനിക്കുവേണ്ട.” മുത്തശ്ശൻ ഒന്നും പറയാതെ ആ പാവയെ കവറിലാക്കി.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ബാറ്ററി തീർന്നും ഓരോ ഭാഗം ഊരിപ്പോയും ഉടുപ്പുകൾ കീറിപ്പോയും മറ്റു പാവകളെല്ലാം ചീത്തയായി. കൊച്ചുമോൾക്ക് സങ്കടം വരുന്നത് കണ്ട മുത്തശ്ശൻ മരപ്പാവയെ എടുത്തുകൊടുത്തു. കൊച്ചുമോൾ അതിനെ കുളിപ്പിക്കേം പൊട്ടുതൊടീക്കേം ഉടുപ്പിടീക്കേം ഒക്കെ ചെയ്തിട്ടും അത് ചീത്തയായില്ല. മറിച്ച് ആ മരപ്പാവ കൂടുതൽ ഭംഗിയുള്ളതായി മാറുകയും ചെയ്തു. മരപ്പാവയ്ക്കും സുന്ദരി ആയപ്പോൾ വലിയ സന്തോഷമായി.




വര: ടി ആർ രാജേഷ്

# കടൽ കാണുമ്പോൾ

മധു ആലപ്പടമ്പ്

കടൽ കാണാനായ് പോകാലോ
മണലിൽ പലതും എഴുതാലോ
കടലോരത്ത് കാറ്റും കൊണ്ട്
കഥകൾ പലതും പറയാലോ!
തിര വന്നരികെ കാലിൽ നുരയുടെ
കൊലുസണിയിച്ചു വിളിക്കുമ്പോൾ
അകലെ ചൊരിയും സൂര്യവെളിച്ചം
അരുണിമ വാനിൽ നിറയുന്നു!
തുഴയും തോണിയുമായിട്ടകലെ
അരയൻ മീനിനു പോകുന്നു
അടിയിൽ പവിഴപ്പുറ്റുകൾ തീർത്ത
അരമനയുണ്ടതിനെന്തു രസം!
അറിയാക്കഥകൾ പലതുമുറങ്ങും
കടൽ കണ്ടീടാൻ കൊതിയെന്നും!
കടലേ കടലേ കവിതകളെഴുതാൻ
വാക്കുകളെന്നിൽ നിറച്ചാലും!



വര: സുജിത്ത് വാസുദേവൻ

# നൂലുണ്ട

ശിവപ്രസാദ് പാലോട്

"സ്കൂളിനു ചുറ്റും അന്ന് ചെമ്പരത്തിച്ചെടികളാണ്. ഇന്ന് കാണുന്നപോലെ മതിലും ഗേറ്റുമൊന്നുമില്ല... ഞങ്ങളൊക്കെ നടന്നാണ് സ്കൂളിൽ പോയിരുന്നത്. ഇന്നത്തെപ്പോലെ സ്കൂൾ ബസൊന്നും ല്യ..."

"തുടങ്ങി കുട്ട്യോളോട് പഴമ്പുരാണം പറയൽ. ആ നേരം അവറ്റയ്ക്ക് രണ്ടക്ഷരം പറഞ്ഞുകൊടുത്തൂടേ?"

"അമ്മേ, അച്ഛൻ ഒരു കഥ പറയാൻ തുടങ്ങായിരുന്നു. അമ്മയായിട്ട് നശിപ്പിച്ചു."

ചിഞ്ചു അമ്മയോട് പിണങ്ങി മുഖം വീർപ്പിച്ചു.

"എന്നാ അച്ഛനും മകളും കഥേം കൊണ്ടിരുന്നോ, നാളേക്ക് ചെയ്യാൻ ഹോംവർക്കുണ്ടെന്ന് മറക്കണ്ട."

"അതൊക്കെ ചെയ്തോളാം അമ്മേ... ആദ്യം കഥ കേക്കട്ടെ... അച്ഛൻ പറ... എന്നിട്ട്?"

"ഞങ്ങളെല്ലാരും രാവിലെ എട്ട് എട്ടരയ്ക്ക് നടക്കാൻ തുടങ്ങും. ഓരോ വീടിന്റെ അവിടെയെത്തുമ്പോഴും ഓരോരുത്തർ ഒപ്പം കൂടും. അങ്ങനെ സ്കൂൾ എത്തുമ്പോഴേക്കും ഒരു ജാഥ പോലാകും. വഴിയിൽ ഞങ്ങൾ മുള്ളുമ്പഴോം, ചോരക്കൊട്ടപ്പഴോം ഒക്കെ പറിച്ചുതിന്നും... സ്കൂളെത്തുമ്പോഴേക്കും പത്ത് മണ്യാവും."

"അല്ലെങ്കിലും ങ്ങൾക്ക് നേരോം സമയോം ഒന്നൂല്ലല്ലോ... ങ്ങളായിരിക്കും ജാഥേടെ ക്യാപ്റ്റൻ." അമ്മ വീണ്ടും ഇടയിൽ കയറി. അച്ഛൻ ചമ്മിച്ചിരിച്ചു.

"അങ്ങനെ ഒരു വെള്ളിയാഴ്ച



വര: സചീന്ദ്രൻ കാറഡുക്ക

നാലുമണിക്ക് സ്കൂൾ വിട്ടു വരുമ്പോഴാണ് ഈ കഥ ഉണ്ടാവുന്നത്. എനിക്കൊരു പൂതി തോന്നി. സ്കൂളിന് ഒരു വേലി കെട്ടണമെന്ന്...''

''അത് നല്ല പൂതിയാണല്ലോ. എന്നിട്ട്?''

''പിന്നെ ചർച്ചയായി. എന്തോണ്ട് വേലി കെട്ടണമെന്ന്. അവസാനം ഞാൻ എന്റെ ആശയം പറഞ്ഞു. നൂലോണ്ട് കെട്ടാമെന്ന്.''

''നൂലോണ്ട് വേലിയോ? അത് രസായീലോ...''

''ഉണ്ണീൻ കാക്കായുടെ പീടികയിൽ മിട്ടായി വാങ്ങാൻ പോകുമ്പോ നൂലുണ്ടകൾ ഞാൻ കണ്ടിരുന്നു... പക്ഷെ വാങ്ങാൻ പണം വേണ്ടേ?''

''അതു ശരിയാ. എന്നിട്ടെന്ത് ചെയ്തു?''

''പിറ്റേന്ന് അച്ഛന്റെ ബാഗിൽ നിന്നും ആരും കാണാതെ നൂറ് ഉറുപ്പിക കട്ടെടുത്തു.''

''അയ്യേ... ഈ അച്ഛൻ കള്ളൻ... മുത്തച്ഛന്റെ പൈസ കട്ട കള്ളൻ.''

''അല്ലാതെ പൂതിമാറാൻ എന്തു ചെയ്യും? അങ്ങനെ ഞായറാഴ്ച ആ പൈസയുമായി തുണക്കാരെയും കൂട്ടി കടയിൽ നിന്നും പത്ത് നൂലുണ്ട വാങ്ങി. ഒരു നൂലുണ്ടയ്ക്ക് പത്തുറുപ്യാണ് വില ട്ടോ... വൈകുന്നേരാവാൻ കാത്തിരുന്നു. പിന്നെ നൂലുണ്ട പൊട്ടിച്ച് ഒരറ്റം ഒരു ചെമ്പരത്തി ചെടീൻമേൽ കെട്ടി. എന്നിട്ട് അതുകൊണ്ട് സ്കൂളിനു നാലുപുറവും ഒരു വരി കെട്ടി... അടുത്ത നൂലുണ്ടോണ്ട് അടുത്ത വരി. അങ്ങനെ പത്തു നൂലുണ്ടയും നിവർത്തി കെട്ടിയപ്പോൾ ചെമ്പരത്തിവേലിക്ക് പുറത്ത് നൂലോണ്ട് നല്ല സുന്ദര സൊയമ്പൻ വേലിയായി... വേലിപ്പണി കഴിഞ്ഞ് എല്ലാവരും വീട്ടിലേക്കു പോയി... അന്ന് കിടന്നുറങ്ങുമ്പോൾ പോലും കണ്ണിനു മുമ്പില് നൂലുവേലീം ചെമ്പരത്തിപ്പൂക്കളും നിറഞ്ഞങ്ങനെ നിന്നിരുന്നു.''

**ആദ്യം അല്ലാന്നൊക്കെ പറഞ്ഞെങ്കിലും പിന്നെ സമ്മതിക്കയല്ലാതെ നിവൃത്തിയില്ലെന്നായി. ഇത് വീട്ടിലറിയുന്നതും പിന്നാമ്പുറത്തെ പുളിമരത്തിന്റെ ഒരു കമ്പ് പറിഞ്ഞുപോരുന്നതും അത് വായുവിൽ പുളഞ്ഞ് ഒച്ചയുണ്ടാക്കുന്നതും ആലോചിച്ചപ്പോൾ അപ്പോളേ പുറത്ത് ഒരു തരിപ്പ് കയറി.**

''എന്നിട്ട്. എന്നിട്ട് ബാക്കി പറ.''

''ഇനിയാണ് കഥ. പിറ്റേന്ന് സ്കൂളിൽ പോകാൻ ധൃതിയായിരുന്നു. ഞങ്ങൾക്കും മുമ്പേ സ്കൂൾ തുറക്കാൻ വന്ന പ്യൂൺ കുഞ്ഞുണ്ണിയേട്ടൻ കണ്ടതെന്താ? സ്കൂളിനു ചുറ്റും നൂലുവേലി. ഞങ്ങളൊക്കെ ഒന്നും അറിയാത്ത പോലെ മിണ്ടാതെ നിന്നു. അപ്പോഴാണ് കുട്ടൻ മാഷ്ടെ വരവ്. പ്യൂൺ നേരേ മാഷിന്റെ അടുത്തെത്തി. രണ്ടാളും കൂടി സ്കൂളിനു ചുറ്റും നടന്ന് വേലി കണ്ടു. ജനലിൽക്കൂടെ ഞങ്ങളത് നോക്കിനിന്നു. ബെല്ലടിച്ചു. പ്രാർഥന കഴിഞ്ഞതും കുട്ടൻ മാഷ് ഞങ്ങടെ ക്ലാസിലേക്കു വന്നു.''

''ആരാടാ ഈ വേലിപ്പണി എടുത്തത്?'' ഒറ്റ ചോദ്യം.

''ആരും ഉത്തരം പറഞ്ഞില്ല. ആരായാലും ഞാൻ പിടിക്കും എന്നും പറഞ്ഞ് മാഷ് മടങ്ങി. ഇന്റർവെൽ കഴിഞ്ഞപ്പോൾ മാഷ് പിന്നെയും ക്ലാസിലെത്തി. മാഷ് നേരേ വന്ന് എന്റെ ചെവീല് ഒറ്റപ്പിടുത്താ. നിന്നെ ഞാൻ ശര്യാക്കിത്തരാടാ നൂലുണ്ടേ... നീയല്ലേടാ ഉണ്ണീന്റെ പീടികേന്ന് നൂറിന്റെ നോട്ട് കൊടുത്ത് പത്ത് നൂലുണ്ട വാങ്ങീത്? സത്യം പറയടാ നൂറ് ഉറുപ്പിക നീ വീട്ടിൽ നിന്നും കട്ടതല്ലേ?''

ആദ്യം അല്ലാന്നൊക്കെ പറഞ്ഞെങ്കിലും പിന്നെ സമ്മതിക്കയല്ലാതെ നിവൃത്തിയില്ലെന്നായി. അച്ഛന്റെ കൂട്ടുകാരനാണ് കുട്ടൻ മാഷ്. ഇത് വീട്ടിലറിയുന്നതും പിന്നാമ്പുറത്തെ പുളിമരത്തിന്റെ ഒരു കമ്പ് പറിഞ്ഞു പോരുന്നതും അത് വായുവിൽ പുളഞ്ഞ് ഒച്ചയുണ്ടാക്കുന്നതും ആലോചിച്ചപ്പോൾ അപ്പോളേ പുറത്ത് ഒരു തരിപ്പ് കയറി. കൂടെ വേലികെട്ടാൻ കൂടിയ വിദ്വാന്മാരൊക്കെ എന്നെ പരിചയമേയില്ലാത്ത പോലെ പുസ്തകമെടുത്ത് വായിക്കുന്ന തിരക്കിലാണ്. മാഷ് എന്നെയും പിടിച്ചുവലിച്ച് ആഫീസ് മുറിയിലേക്കു നടന്നു.''

''എന്നിട്ടോ? മുത്തച്ഛൻ അറിഞ്ഞിട്ട് അച്ഛനെ തല്ലിയോ?''

''പിന്നില്ലാതെ... അച്ഛനെ മാഷ് പ്യൂണിനെ വിട്ട് വരുത്തി. അച്ഛൻ, മാഷ് പറഞ്ഞതൊക്കെ മൂളിക്കേട്ടു. എന്റെ എല്ലാ ധൈര്യവും അഴിച്ചുവിട്ട നൂലുണ്ട പോലെ ചിതറി. എന്നെയും കൂട്ടി പുറത്തിറങ്ങണ അച്ഛനോട് മാഷ് ഒരുപദേശം. ''വേലി നല്ലോണം നന്നായിട്ടുണ്ട്. അതിനുള്ള കൂലി ഞാൻ കൊടുത്തിട്ടുണ്ട്. ഇനി വീട്ടിൽ ചെന്ന് വേറെ കൂലി കൊടുക്കണ്ട. കുട്ട്യോളല്ലേ. അങ്ങനെ പലതും ഉണ്ടാകും.'' അതിനും അച്ഛൻ ഒന്നിരുത്തി മൂളി. അതിന്റെ അർഥം മനസ്സിലാക്കാൻ വീട്ടിലെത്തേണ്ട താമസമേയുണ്ടായുള്ളൂ.

''നൂറ് ഉറുപ്പിക പിന്നേണ്ടാവും. ങ്ങള് ചെക്കനെ തച്ച് കൊല്ലണ്ട.'' അച്ഛന്റെ കയ്യിൽ നിന്നും അമ്മ എങ്ങനെയോ എന്നെ പിടിച്ചു പറിച്ച് അടുക്കളയിലേക്കു കൊണ്ടു പോയി...''

അതുവരെ കഥ ഒളിഞ്ഞു കേട്ട അമ്മ ചാടിവീണു.''അപ്പൊ അതാല്ലേ...നിങ്ങളെ എല്ലാരും നൂലുണ്ട രാമു, നൂലുണ്ട രാമുന്ന് വിളിക്കണേ...'' അച്ഛന്റെ ഇരട്ടപ്പേരിനു പിന്നിലെ കഥ കേട്ടപ്പോൾ ചിഞ്ചുവിന്റെ ചിരിയുണ്ട പൊട്ടി. അത് വീടിനെയാകെ വേലി കെട്ടി പൊതിഞ്ഞു.





# അഞ്ചാം വയസ്സിൽ തുടങ്ങിയ ലിയാൻഡർ 46 ലും താരം

**സനിൽ പി തോമസ്**

**ഒളിംപിക്സ് ടെന്നിസിൽ ഇന്ത്യയ്ക്കു വേണ്ടി വ്യക്തിഗത മെഡൽ നേടിയിട്ടുള്ള ഏകതാരമാണ് പെയ്സ്. കൂടാതെ 18 തവണ ഗ്രാൻസ്ലാം ഡബിൾസ് നേട്ടങ്ങളിലും പങ്കാളിയായി. ഡേവിസ് കപ്പ് ചരിത്രത്തിലെ ഇതിഹാസ താരങ്ങളിലൊരാളായ പെയ്സിന്റെ പേരിലുള്ള 44 വിജയങ്ങൾ ലോക റെക്കോർഡാണ്.**

പ്രായം തളർത്താത്ത പോരാളി എന്ന വിശേഷണം ഇന്ത്യയിൽ മൂന്നു കായികതാരങ്ങൾക്ക് അർഹതപ്പെട്ടതാണ്. വിശ്വനാഥൻ, സച്ചിൻ തെൻഡുൽക്കർ, ലിയാൻഡർ പെയ്സ്. ഇതിൽ സച്ചിൻ വിരമിച്ചു.

ആനന്ദിന്റെ ഇനം ചെസാണ്. അതിനു പ്രായം അതിർവരമ്പല്ല. പക്ഷേ, പെയ്സ് ലോൺ ടെന്നിസ് കളിക്കാരനാണ്.

ലിയാൻഡറിന്റെ അച്ഛൻ ഡോ. വേസ് പെയ്സ് ഇന്ത്യൻ ഹോക്കി താരമായിരുന്നു. 1972 ലെ മ്യൂണിക്ക് ഒളിംപിക്സിൽ വെങ്കലം നേടിയ ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. അമ്മ ജെന്നിഫർ ഇന്ത്യൻ ബാസ്ക്കറ്റ് ബോൾ ടീം നായികയായിരുന്നു. 1973 ജൂലൈ 17നാണ് ലിയാൻഡർ പിറന്നത്. അഞ്ചാം വയസ്സിൽ ലിയാൻഡർ ടെന്നിസ് റാക്കറ്റ് കൈയിലെടുത്തു.

കൊച്ചു ലിയാൻഡറെ അച്ഛൻ കൊൽക്കത്തയിലെ ഒരു പ്രമുഖ ക്ലബിൽ ടെന്നിസ് പരിശീലനത്തിനു ചേർക്കാൻ കൊണ്ടുപോയി. ചെറിയ കുട്ടിയെന്നു പറഞ്ഞ് അവർ മടക്കി അയച്ചു. അന്നു മടങ്ങുമ്പോൾ ലിയാൻഡർ അച്ഛനോടു പറഞ്ഞു:

''അച്ഛാ... ഞാൻ ഒരിക്കൽ വിംബിൾഡൺ ചാമ്പ്യനാകും. അപ്പോൾ അവർ എന്നെ സ്വീകരിക്കും.''

ലാ മാർട്ടിനേർ ബോയ്സ് സ്കൂളിൽ പഠിക്കുമ്പോൾ ടെന്നിസ് കളിയിൽ പരാജയപ്പെട്ടപ്പോൾ ലിയാൻഡർ അച്ഛനോടു പറഞ്ഞു: ''തോറ്റതിൽ എനിക്ക് ദുഃഖമില്ല. ഒരിക്കൽ ഞാൻ ചാമ്പ്യനാകും.''

ബാല്യത്തിൽ സൈക്കിൾ ചവിട്ടിയും നീന്തിയും കായികക്ഷമത കൈവരിച്ച ലിയാൻഡർ പെയ്സ് ചെറുപ്പത്തിലേ ലക്ഷ്യബോധവും നിശ്ചയദാർഢ്യവും കൈവരിച്ചു.

1990ൽ വിംബിൾഡൺ ജൂനിയർ ചാമ്പ്യനായി. കുറച്ചുനാൾ ലോക ജൂനിയർ ഒന്നാം നമ്പർ കളിക്കാരനുമായിരുന്നു. 1996 ലെ അറ്റ്ലാന്റ ഒളിംപിക്സിൽ ടെന്നിസ് സിംഗിൾസിൽ വെങ്കല മെഡൽ നേടിയതാണ് ലിയാൻഡറിന്റെ ജീവിതത്തിലെ നാഴി



കക്കല്ല്. അച്ഛനും മകനും ഒളിംപിക് മെഡൽ നേടിയ അപൂർവ സംഭവം.

അച്ഛനോട് പറഞ്ഞതുപോലെ വിംബിൾഡൺ സീനിയർ ചാമ്പ്യനാകാൻ കഴിഞ്ഞില്ലെങ്കിലും 1999ൽ വിംബിൾഡൺ ഡബിൾസും മിക്സഡ് ഡബിൾസും ജയിച്ച് അപൂർവ ഡബിൾ സ്വന്തമാക്കി.

1991ൽ പ്രൊഫഷണൽ ആയ പെയ്സ് ഗ്രാൻസ്ലാം ടൂർണമെന്റുകളിൽ എട്ടു ഡബിൾസും 10 മിക്സഡ് ഡബിൾസും കിരീടങ്ങൾ നേടിയിട്ടുണ്ട്. ഡേവിസ് കപ്പിലും ഏഷ്യൻ ഗെയിംസിലുമൊക്കെ രാജ്യത്തിനായി കൈവരിച്ച നേട്ടങ്ങൾ വേറെ.

പന്ത്രണ്ടാം വയസ്സിൽ ചെന്നൈയിൽ ബ്രിട്ടാനിയ–അമൃത്‌രാജ് ടെന്നിസ് അക്കാദമിയിൽ ചേർന്ന ലിയാൻഡർ പെയ്സിന്റെ ആദ്യ പരിശീലകൻ ഡേവ് ഒമീർ ആയിരുന്നു.

മൂന്നു പതിറ്റാണ്ട് ടെന്നിസ് കോർട്ടിൽ പൂർത്തിയാക്കിയ ലിയാൻഡർ പെയ്സ് പറയുന്നത് താൻ 12 തലമുറയിലെ കളിക്കാരെക്കണ്ടെന്നാണ്. തന്നേക്കാൾ പ്രായം കൂടിയവരോടും ചെറുപ്പക്കാരോടുമൊത്ത് കളിച്ചു. പ്രായമായി എന്ന തോന്നൽ ഒരിക്കലും ഉണ്ടായിട്ടില്ലത്രെ.

ഒരിക്കൽ, ഇന്ത്യൻ വെൽസ് ടൂർണമെന്റിൽ റോജർ ഫെഡററെ തോല്പിച്ച പെയ്സ് ലോകപ്രശസ്ത താരങ്ങൾ ഉപയോഗിച്ച റാക്കറ്റുകൾ ശേഖരിച്ചുവയ്ക്കുക ശീലമാക്കി. തന്റെ ബാല്യകാല ഹീറോകളിൽ ആയിരുന്നു തുടക്കം. ഇപ്പോഴത്തെ സൂപ്പർ താരങ്ങൾ ഉപയോഗിച്ച റാക്കറ്റുകളും ആ ശേഖരത്തിൽ ഉണ്ട്. ഏതാണ്ട് ആയിരം ടെന്നീസ് റാക്കറ്റുകൾ. റോഡ് ലെവർ, റോജർ ഫെഡറർ, റഫാൽ നാദൽ, നൊവാക് ജോക്കോവിച്ച്, ആൻഡിമുറെ, മർട്ടീന നവ്രത്തിലോവ, സെറീന വില്യംസ്, വീനസ് വില്യംസ്, മർട്ടീന ഹിൻജിസ് തുടങ്ങിയവർ ഒക്കെ ഉപയോഗിച്ച റാക്കറ്റുകൾ.

ആദ്യം സ്വന്തമാക്കിയത് ബ്യോൺ ബോർഗിന്റെ തടികൊണ്ടു നിർമിച്ച റാക്കറ്റ് ആണ്. പന്ത്രണ്ടാം വയസ്സിൽ സാക്ഷാൽ റോഡ് ലെവറിൽ നിന്നു സാങ്കേതിക നിർദേശങ്ങൾ സ്വീകരിക്കുവാനും ലിയാൻഡറിനു ഭാഗ്യമുണ്ടായി.

പെയ്സിന്റെ മുഖത്തിന് ഒരു കുട്ടിത്തമുണ്ട്. സ്വഭാവം പലപ്പോഴും കുട്ടികളുടേതുപോലെയാണ്. അതുകൊണ്ടാണ് തന്നേക്കാൾ 20 വയസ്സിന് ഇളയ എതിരാളിക്കെതിരെ കളിക്കുമ്പോഴും സമ്മർദമില്ലാത്തത്. 49–ാം വയസ്സിൽ മിക്സഡ് ഡബിൾസിൽ തന്റെ കൂട്ടാളിയായ മർട്ടീന നവ്രത്തിലോവയിൽ നിന്നാണ് പ്രായം പ്രശ്നമല്ലെന്ന ചിന്ത ഉണ്ടായതെന്നു പെയ്സ് പറഞ്ഞു. റാക്കറ്റ് ശേഖരണവും ഉള്ളിലെ ചെറുപ്പമാണു വിളിച്ചറിയിക്കുന്നത്.

പിഴവുപറ്റിയാൽ പെയ്സ് സ്വയം പ്രചോദിതനാകും. ‘‘എനിക്കത് സാധിക്കും. ആയിരം തവണ സാധിക്കും.’’ കോർട്ടിൽ ഇങ്ങനെ ആത്മഗതം ചെയ്യുന്ന പെയ്സ് കൊച്ചുകുട്ടികൾക്ക് പ്രചോദനമാണ് എപ്പോഴും.

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

2022 പുതുവർഷം വന്നെത്തി. എല്ലാവരും സന്തോഷത്തിലാണല്ലോ? ഒരു വർഷത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് നന്നായിരിക്കും. എല്ലാവർക്കും ഓരോ ഡയറി വേണം. ഡയറി എഴുതുന്നത് നിങ്ങളുടെ വായനയെ സഹായിക്കും.

അറിവിന്റെ കേദാരഭൂവിൽ വിളയുന്ന
കനിയാണ് ജീവിതം കൂട്ടുകാരേ...

ഇക്കാര്യം എല്ലാവരും ഓർക്കണേ. ഇളംതളിരിലെ ഫെബ്രുവരിയിലെ എഴുത്തുകാരെ പരിചയപ്പെടുത്താം.

*ഷാഹിദ് മുഹമ്മദ് പി എം, ക്ലാസ്: 9, എം ജെ എച്ച് എസ് എസ് എളേറ്റിൽ, കോഴിക്കോട്*

ഗെയിം എന്ന ചതിക്കുഴി. നന്നായി വായനക്കാർ ജാഗ്രതപാലിക്കുക.

*ശ്രീദേവ് കെ, കൊയ്ക്കാടൻ വീട്, എരുവേശ്ശി പി ഒ, ചെമ്പേരി വഴി കണ്ണൂർ*

കത്ത് തളിരമ്മാവന് ഇഷ്ടായി. കഥകളും കവിതകളും മാത്രമല്ല, ശാസ്ത്രവും ചരിത്രവും ചിത്രവും ഒക്കെ തളിരിലുണ്ട്. എന്തേ ക്ലാസും സ്കൂളും എഴുതാതിരുന്നത്?

*അമൃത് ശങ്കർ എൻ ഡി, ക്ലാസ്: 7, സെന്റ് ആന്റണീസ് യു പി സ്കൂൾ, പഴൂർ, വയനാട്*

കുന്നുകളും വയലുകളുമുള്ള ഗ്രാമം. പൂന്തോട്ടവും വളർത്തുമൃഗങ്ങളുമുള്ള വീട്. തളിരമ്മാവന് കൊതിയാകുന്നു.

എങ്കിലും മഞ്ഞപ്പൂമ്പാറ്റകളുടെ നഷ്ടം സങ്കടായി. പ്രകൃതിയോടിണങ്ങി നമുക്ക് മുന്നോട്ടുപോകാം.

സ്വന്തം
തളിരമ്മാവൻ



## കത്ത്

പ്രിയപ്പെട്ട തളിരേ,

നീ ഞങ്ങൾ കുട്ടികൾക്ക് അറിവിന്റെ നിറകുടവും ബോറടി മാറ്റാനുള്ള ഉപാധിയുമാണ്. നിന്നിലുള്ള ഓരോ കഥയും കവിതയും എനിക്ക് ഒത്തിരി ഇഷ്ടമാണ്. ഈ കോവിഡ് കാലഘട്ടത്തിൽ ബോറടിച്ചിരിക്കുമ്പോഴായിരുന്നു എന്റെ ഫോണിൽ നിന്നെക്കുറിച്ചുള്ള വിവരം വന്നത്. അപ്പോൾത്തന്നെ സൈറ്റിൽക്കയറി പേര് രജിസ്റ്റർ ചെയ്തു. കുറച്ചു ദിവസങ്ങൾക്കുശേഷം പരീക്ഷയും എഴുതി. കണ്ണൂർ ജില്ലയിൽ യു പി വിഭാഗത്തിൽ 7ാം സ്ഥാനവും എനിക്ക് ലഭിച്ചു. 1000/ രൂപയുടെ ചെക്കും. പിന്നീട് എല്ലാ മാസവും 'തളിര്' മാസിക പോസ്റ്റുമാൻ വീട്ടിലെത്തിക്കും. ഞാൻ അതിലുള്ള എല്ലാ കവിതകളും കഥകളും ലേഖനങ്ങളും വായിക്കും. അവസാനം കൂട്ടുകാർ വരച്ച ചിത്രങ്ങളും മനോഹരമായി എടുത്ത ഫോട്ടോകളും നോക്കും. ഏതു രീതിയിലാണ് പ്രശംസിക്കേണ്ടതെന്ന് അറിയില്ല. അത്രയ്ക്ക് മനോഹരമാണ് തളിര് മാസിക. ഇനിയും നല്ല നല്ല കഥകളും കവിതകളും പ്രസിദ്ധീകരിച്ച് ഞങ്ങളുടെ മനം കുളിർപ്പിക്കുമല്ലോ.

എന്ന്
**ശ്രീദേവ് കെ, കൊയക്കാടൻ വീട്, എരുവേശ്ശി പി ഒ,**
**ചെമ്പേരി വഴി, കണ്ണൂർ ജില്ല**

# ഗെയിം എന്ന ചതിക്കുഴി

**ഷാഹിദ് മുഹമ്മദ് പി എം, ക്ലാസ്: 9,**
**എം ജെ എച്ച് എസ് എസ് എളേറ്റിൽ, കോഴിക്കോട്**

ക്ലാസിൽ അവസാനത്തെ പിരീഡിൽ അധ്യാപകനില്ലായിരുന്നു. അതിനാൽ എന്റെ പിൻബഞ്ചിൽ ഇരുന്നിരുന്ന അപ്പുക്കുട്ടൻ അവന്റെ സ്കൂൾ അവധികാലത്തെ അനുഭവം വിവരിക്കുകയാണ്. അതിങ്ങനെയായിരുന്നു.

ആ ദിവസം പ്രകാശഭരിതമായിരുന്നു. അപ്പുക്കുട്ടൻ മുകളിൽ ഉറങ്ങുകയാണ്. അമ്മ അപ്പുവിനെ തട്ടിയുണർത്തി. 'വേഗം പല്ലു തേക്ക് എന്നിട്ട് ക്ലാസ്സ് എപ്പോഴാണെന്ന് നോക്ക്' അമ്മ പറഞ്ഞു. 'ഓക്കെ'എന്ന ഉറച്ച സ്വരത്തിൽ അപ്പു പ്രഭാതകർമത്തിനായി ഓടി. അവന്റെ വീട് മലഞ്ചരിവിലാണ്. വളരെ പച്ചപ്പ് നിറഞ്ഞത്. പക്ഷേ ഒരു കുഴപ്പമുണ്ട്. പഠനത്തിന് മിടുക്കനായ അപ്പുവിന് റേഞ്ച് ലഭിക്കാൻ അര കിലോമീറ്റർ പോകണം.

അപ്പു ഫ്രഷ് ആയി ദോശ കഴിച്ചു. അപ്പുവിനു പുലിക്കുഴി മൈതാനത്തിന് അരികിലുള്ള മരച്ചുവട്ടിലേക്കു പോകണം. അവിടെ റേഞ്ച് ലഭിക്കും. അവൻ മൊബൈലെടുത്ത് സൈക്കിൾ ചവിട്ടി യാത്ര ആരംഭിച്ചു. ഈ യാത്രയാണ് അപ്പുവിന്റെ വ്യായാമം. മൈതാനത്തിന് അരികിലേക്ക് അവനെപ്പോലെ റെയിഞ്ച് കുറഞ്ഞ സ്ഥലത്തു നിന്ന് പലരും വരാറുണ്ട്. അവിടെ എത്തിയതും അവൻ അധ്യാപകൻ അയച്ച നിർദേശങ്ങൾ ശ്രദ്ധിച്ചു. രണ്ടു മണിക്കാണ് ക്ലാസ്സ്. അവൻ തിരിച്ചു വീട്ടിലേക്ക് പോയി പുസ്തകത്താളുകൾ വായിച്ചു. അടുക്കളയിൽ അമ്മയെ സഹായിച്ചു. അച്ഛൻ വിദേശത്താണ്. അതെല്ലാം കഴിഞ്ഞ് അവൻ രണ്ടുമണിക്കുള്ള ക്ലാസ്സ് കേൾക്കാൻ പോയി. ശേഷം വീട്ടിലെത്തി. ദിവസവും അപ്പുവിന് ഇതുതന്നെയാണ് പരിപാടി. റേഞ്ചില്ലാത്ത ബുദ്ധിമുട്ട് അവൻ നന്നായി അനുഭവിക്കുന്നു.

അവൻ എന്നും മൈതാനത്തിന്റെ അരികിലുള്ള മരച്ചുവട്ടിൽ പോയി ക്ലാസ്സ് കണ്ടു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവിടെ കൂടിയിരുന്ന ആളുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരുന്നു. കാരണമന്വേഷിച്ചപ്പോൾ അവരെല്ലാം വൈഫൈ കണക്ഷൻ നേടി എന്ന് അറിയാൻ സാധിച്ചു. അപ്പുക്കുട്ടന്റെ അടുത്ത സുഹൃത്താണ് കുഞ്ഞൂട്ടൻ.

കുഞ്ഞൂട്ടന് ഒരു പ്രശ്നമുണ്ട്. അവൻ മൊബൈൽ ഗെയിം



വര: സചീന്ദ്രൻ കാറഡുക്ക

കളിക്കാറുണ്ട്. തോക്കും മാരകായുധങ്ങളും എല്ലാം ഉപയോഗിച്ചുള്ള കളി. എതിരാളികളെ കൊല്ലുകയാണ് അതിൽ വേണ്ടത്. ഗെയിം കളിക്കാൻ വേണ്ടിയും അവൻ അവിടെ വരാറുണ്ട്. ദിവസങ്ങൾക്കുശേഷം അപ്പുക്കുട്ടൻ ഒറ്റയ്ക്കായി. വിജനമായ മൈതാനത്ത് ഒരു കോണിൽ എന്നോ ആരോ നിർമിച്ച ഒരു ഇരിപ്പിടത്തിൽ ഇരുന്ന് അവൻ ക്ലാസ്സ് കേൾക്കും.

ഇന്ന് വളരെ സന്തോഷമുള്ള ദിവസമാണ്. ഇന്ന് അവന്റെ അച്ഛൻ വിദേശത്തു നിന്ന് വരുന്നു. ഒരുവർഷമായി അച്ഛനെ നേരിൽ കണ്ടിട്ട്. അച്ഛൻ പുലർച്ചയാണ് എത്തിയത്. അച്ഛന്റെ അനുഭവങ്ങൾ അപ്പുവിനു വിവരിച്ചു നൽകി. ശേഷം പെട്ടി തുറക്കാനായി അച്ഛൻ ഒരുങ്ങി. അതിലാണ് എല്ലാ വസ്തുക്കളും ഉള്ളത്. തുറക്കും മുമ്പേ അതിലുള്ള സ്പ്രേയുടെ മണം അവനെ ആനന്ദിപ്പിച്ചു. അവസാനം അച്ഛൻ തന്നെ പെട്ടി തുറന്നു. വിവിധയിനം സാധനങ്ങൾ, അവന് ഒരു വാച്ചും ഒരു മൊബൈൽ ഫോണും ഉണ്ടായിരുന്നു. പെട്ടിയുടെ അവസാനം ഒരു ചെറിയ കറുത്ത പെട്ടി അവൻ കണ്ടു. അച്ഛൻ അത് എടുത്തുപറഞ്ഞു, 'ഇതു വൈഫൈ കണക്ഷൻ ആണ്'. അത് അവന് വിശ്വാസയോഗ്യമായിരുന്നില്ല. കാരണം എന്നോ ഒരിക്കൽ അമ്മയോട് വൈഫൈ കണക്ഷൻ എന്ന് പറഞ്ഞതല്ലാതെ അത് ആവശ്യമാണെന്ന് പറഞ്ഞിരുന്നില്ല. അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

അത് അച്ഛൻ ഒരിടത്ത് തൂക്കിയിട്ടു. അങ്ങനെ ആദ്യമായി വൈകുന്നേരത്തെ ക്ലാസ്സ് അവൻ വീട്ടിൽ ഇരുന്നു കണ്ടു. അവനെ സംബന്ധിച്ചിടത്തോളം അത് ഒരു നിധിപോലെ ആയിരുന്നു. അങ്ങനെ അവന്റെ ക്ലാസ്മുറി പുലിക്കുഴി മൈതാനത്തിൽ നിന്ന് വീട്ടിലേക്ക് മാറി.

അവനെ ഒരു ഏകാന്തത വേട്ടയാടിക്കൊണ്ടിരുന്നു. സൈക്കിൾ ചവിട്ടി യാത്രചെയ്ത സമയം അവന് ഇന്ന് അധികമാണ്. അവൻ അമ്മയോട് ചോദിച്ചു: ''എന്റെ ഒഴിവുസമയം ഞാൻ എന്തു ചെയ്യും?'' അമ്മയുടെ ഉത്തരം പുസ്തകവായനയും ചിത്രം വരയും ആയിരുന്നു. അവൻ സുഹൃത്തായ കുഞ്ഞൂട്ടനോട് ചോദിച്ചു. അവന്റെ ഉത്തരം ഒരു ഗെയിമിനെ കുറിച്ചായിരുന്നു. ''നിന്റെ വീട്ടിൽ വൈഫൈ സൗകര്യം ഉള്ളതുകൊണ്ട് എളുപ്പമാണ്. എനിക്ക് കളിച്ചു പരിചയമുള്ള കളിയാണ്. വെടിവയ്പ്പിന്റെയും കൊലയുടെയും കളി. ലിങ്ക് ഞാൻ അയച്ചുതരാം. ഒഴിവുസമയത്ത് മാത്രം കളിച്ചാൽ മതി.'' ഇതിനെക്കുറിച്ച് അവൻ അമ്മയോട് അന്വേഷിച്ചില്ല. ആരോടും ചോദിച്ചില്ല.

അന്നാദ്യമായി ക്ലാസ്സിനു ശേഷം അവൻ ഗെയിം കളിച്ചു. കൂടെ കളിക്കാൻ കുഞ്ഞൂട്ടനും കുഞ്ഞൂട്ടൻ അറിയുന്ന കുറച്ചു കൂട്ടുകാരും ഉണ്ടായിരുന്നു. അപ്പു എല്ലാവരേയും പരിചയപ്പെട്ടു. അവനേക്കാൾ പ്രായം കൂടിയവരും അതിൽ ഉണ്ടായിരുന്നു. ഇന്ന് അവന് ഒരുപാട് പേരെ വെടിവെച്ചു വീഴ്ത്താൻ സാധിച്ചു. നിശ്ചിത ആളുകളെ വെടിവെച്ചു വീഴ്ത്തി ഓരോ ലെവലായിട്ടാണ് കളി. ആകെ 30 ലെവലുകൾ. ഗെയിം കളിക്കാൻ തുടങ്ങിയിട്ട് ഒരാഴ്ചയായി.

ഇന്ന് അപ്പുവിനു പ്രത്യേകതയുള്ള ദിവസമാണ്. ഇന്നത്തെ കളി ജയിച്ചാൽ പത്താമത്തെ ലെവലിലെത്താം. അല്ലെങ്കിൽ അഞ്ചാമത്തെ ലെവലിലേക്ക് മടങ്ങാം. അങ്ങനെ അവൻ പുലർച്ചെ ആറുമണിക്ക് എഴുന്നേറ്റ് മുഖം പോലും കഴുകാതെ ചായ കുടിച്ചു. ശേഷം മൊബൈലെടുത്ത് കിടക്കയിലേക്ക് ഓടി. കളി തുടങ്ങി. അമ്മ അന്വേഷിച്ചപ്പോൾ ഓൺലൈൻ ക്ലാസ്സ് ആണെന്ന് അവൻ കള്ളം പറഞ്ഞു. ഇതു പോലെയുള്ള ദിവസങ്ങളായിരുന്നു തുടർന്നുണ്ടായതും.

ഭക്ഷണം കഴിക്കാൻ വിമുഖത കാണിച്ചു തുടങ്ങി. ശരീരത്തിൽ വിളർച്ചയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ലെവലുകളിൽ വിജയിച്ചു മുന്നേറുകയാണ് അവൻ. ഇങ്ങനെയൊക്കെ ഓൺലൈൻ ക്ലാസ്സ് ഉണ്ടാകുമോ എന്ന് അമ്മയ്ക്ക് സംശയമായി. അമ്മ മുകളിലേക്കുള്ള പടികൾ കയറി വാതിൽ മെല്ലെ തുറന്നു.

അപ്പു ഗെയിം കളിക്കുന്ന ഹരത്തിലാണ്. അവൻ അമ്മ വന്നത് അറിഞ്ഞില്ല. അമ്മ ദേഷ്യപ്പെട്ടു, മൊബൈൽ പിടിച്ചുവാങ്ങി ഗെയിം കളിക്കരുതെന്ന് പറഞ്ഞു. തന്റെ മകന് എന്തുപറ്റി എന്നോർത്ത് അമ്മയ്ക്കു വിഷമമായി.

അമ്മ പുറത്തുപോകുമ്പോൾ അവൻ ഗെയിം കളിക്കുമായിരുന്നു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവനിൽ ക്രൂരതയുടെയും രക്തം ചിതറുന്നതിന്റെയും ദൃശ്യങ്ങൾ മനസ്സിൽ പതിഞ്ഞു. പഠനത്തിലുള്ള ശ്രദ്ധ അവനിൽ ഇല്ലാതായെന്ന് പറയാം. അമ്മ ശ്രദ്ധിച്ചു, തമാശ പറയുന്ന അവൻ ഗൗരവക്കാരനായി മാറി. സംസാരം കുറഞ്ഞു. അയൽവാസികളായ കൂട്ടുകാർ കളിക്കാൻ വിളിക്കുമ്പോൾ പോകില്ല. അവന്റെ ഉറക്കത്തിന്റെ

**അന്നാദ്യമായി ക്ലാസ്സിനു ശേഷം അവൻ ഗെയിം കളിച്ചു. കൂടെ കളിക്കാൻ കുഞ്ഞൂട്ടനും കുഞ്ഞൂട്ടൻ അറിയുന്ന കുറച്ചു കൂട്ടുകാരും ഉണ്ടായിരുന്നു. അപ്പു എല്ലാവരേയും പരിചയപ്പെട്ടു. അവനേക്കാൾ പ്രായം കൂടിയവരും അതിൽ ഉണ്ടായിരുന്നു. ഇന്ന് അവന് ഒരുപാടു പേരെ വെടിവെച്ചു വീഴ്ത്താൻ സാധിച്ചു. നിശ്ചിത ആളുകളെ വെടിവെച്ചു വീഴ്ത്തി. ഓരോ ലെവലായിട്ടാണ് കളി. ആകെ 30 ലെവലുകൾ.**

ക്രമം തെറ്റി. ആറു മണിക്ക് എഴുന്നേൽക്കുന്ന അവൻ ഇപ്പോൾ ഉച്ചയ്ക്ക് പന്ത്രണ്ട് മണിക്ക് ശേഷമാണ് എഴുന്നേൽക്കുന്നത്.

അങ്ങനെ ലെവലുകളിൽ വിജയിച്ച അപ്പുവിന്റെ അവസാനത്തെ ലെവൽ ആണ് ഇന്ന്. ഇതിൽ വിജയിച്ചാൽ അവന്റെ ലെവലുകൾ പൂർത്തിയായി. അല്ലെങ്കിൽ അഞ്ച് ലെവൽ താഴോട്ടു പോകും. ഈ ലെവൽ പൂർത്തിയാക്കണമെങ്കിൽ അഞ്ചു മണിക്കൂർ തുടർച്ചയായി ഗെയിം കളിക്കണം.

വൈകുന്നേരത്തെ ചായ കുടിച്ച് അവൻ ഒത്തിരി നേരം ഉറങ്ങി. ശേഷം രാത്രി ഏഴ് മണിക്ക് എഴുന്നേറ്റ് പാഠപുസ്തകത്തിലെ താളുകൾ മറിച്ചുനോക്കി. അച്ഛൻ വിദേശത്തുനിന്ന് വന്നപ്പോൾ വാങ്ങിയ ഇരുപതോളം കഥാപുസ്തകങ്ങൾ അവൻ ഇതുവരെ വായിച്ചിട്ടില്ല. അവനു മൊബൈൽ മാത്രം മതിയായിരുന്നു. അങ്ങനെ ക്ലോക്കിൽ പത്തുമണിയോടെ അലാറം മുഴങ്ങിയപ്പോൾ അവൻ ഉറങ്ങാൻ പോകുന്നതായി അഭിനയിച്ചു. അമ്മ ലൈറ്റ് ഓഫ് ചെയ്ത് മൊബൈൽ എടുത്ത് അമ്മയുടെ മുറിയിൽ വച്ചു. ശേഷം അമ്മ കിടന്നു. ക്ലോക്കിൽനിന്ന് പതിനൊന്ന് മണിയുടെ അലാറം മുഴങ്ങുന്നതിനായി അവൻ കാത്തിരുന്നു. അലാറം മുഴങ്ങിയതും ഒരു കള്ളനെപ്പോലെ അവൻ മുറിയിൽ നിന്നിറങ്ങി. വളരെ സൂക്ഷ്മമായി കോണിപ്പടികൾ ഇറങ്ങി. അമ്മയുടെ മുറിയിലെ വാതിൽ സൂക്ഷ്മമായി തുറന്നു. ടീപോയിൽ വച്ചിരുന്ന മൊബൈൽ എടുത്ത ശേഷം തിരികെ സൂക്ഷ്മമായി അവന്റെ റൂമിലേക്കു പോയി. മൊബൈലിൽ കളി ആരംഭിച്ചു. കളി തുടങ്ങിയിട്ട് നാല് മണിക്കൂർ, ഓരോരുത്തരെയായി വെടിവെച്ചു വീഴ്ത്തി. അവൻ ഒരു കെട്ടിടത്തിന്റെ മുകളിലേക്ക് ഓടിക്കയറുകയാണ്. ചുറ്റും നിരീക്ഷിക്കാൻ ടെറസിന്റെ മുകളിൽ പോയി നിന്നു. മുകളിലൂടെ പോവുകയായിരുന്ന ഹെലികോപ്റ്റർ അവൻ ശ്രദ്ധിച്ചില്ല. അതിൽനിന്ന് ഒരു ബോംബ് അവന്റെ നേർക്ക് വീണു. അപ്പോൾ മൊബൈലിൽ ഒരു നോട്ടിഫിക്കേഷൻ വന്നു. കളി അവസാനിച്ചു എന്നതായിരുന്നു അത്.

അമ്മ ഒരു അട്ടഹാസം കേട്ടിട്ട് എഴുന്നേറ്റു മുകളിലെക്ക് ഓടി. അപ്പു കിടക്കയിൽ നിന്ന് അട്ടഹസിക്കുന്നു. ഹ ഹ ഹ അധികം വൈകാതെ അത് ഒരു കരച്ചിലായി മാറി. പെട്ടെന്നുതന്നെ അമ്മ അപ്പുവിനെയും കൂട്ടി അയൽവാസിയുടെ ഓട്ടോറിക്ഷയിൽ ടൗണിലെ ആശുപത്രിയിലേക്ക് പുറപ്പെട്ടു. മൊബൈലും കൈയിൽ കരുതിയിരുന്നു. ഏകദേശം രണ്ടു മണിക്കൂർ യാത്രയിൽ പുലർച്ചെ അഞ്ചര മണിയോടുകൂടി ആശുപത്രിയിൽ എത്തിച്ചേർന്നു.

ശേഷം ഡോക്ടറോട് വിവരം പറഞ്ഞപ്പോൾ ഏഴാം നിലയിലുള്ള മോട്ടിവേറ്ററുടെ അടുത്തേക്ക് പോകാൻ പറഞ്ഞു. അവർ അദ്ദേഹത്തിന്റെ അടുത്തേക്കു പോയി. കാര്യങ്ങൾ അറിഞ്ഞപ്പോൾ അദ്ദേഹം മൊബൈൽ വാങ്ങി പരിശോധിച്ചു. ശേഷം ഇങ്ങനെ പറഞ്ഞു: ''അപ്പുകുട്ടൻ വിഷമിക്കേണ്ട ഇതിനുള്ള പരിഹാരം നമുക്ക് കാണാം.'' അതിനിടയിൽ ആശുപത്രിയുടെ വരാന്തയിൽ ഉള്ള ആളുകളെ കണ്ടപ്പോൾ അവൻ തോക്കിൽ നിന്ന് ഉണ്ട ചീറ്റുന്നതുപോലെ ശബ്ദമുണ്ടാക്കി. ഡോക്ടർ അവനെ ഒരു മുറിയിലേക്ക് ആക്കി. അവിടെ അവനെപ്പോലെ ഒരുപാട് പേർ ഉണ്ടായിരുന്നു. എല്ലാവരും അവന്റെ സമപ്രായമുള്ള കുട്ടികളാണ്.

അപ്പോഴാണ് അപ്പുക്കുട്ടൻ ഒരു കാര്യം ശ്രദ്ധിച്ചത്. ജനലിലൂടെ പുറത്തോട്ട് നോക്കുന്ന കുഞ്ഞൂട്ടനെ അവൻ കണ്ടു. കുഞ്ഞൂട്ടൻ അവനെയും കണ്ടു. അപ്പുക്കുട്ടൻ ദേഷ്യത്തോടെയായിരുന്നു അവനെ നോക്കിയത്. കുഞ്ഞൂട്ടൻ ലജ്ജയോടെയും. അവർ രണ്ടുപേരും ശപിച്ചത് ഒരാളെ ആയിരുന്നു, അത് ആ ഗെയിമിന്റെ നിർമാതാവിനെ!



## തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ റിസൽറ്റ് പ്രസിദ്ധീകരിച്ചു

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾ വിദ്യാർഥികൾക്കായി ജനുവരി 15,18 തീയതികളിൽ നടത്തിയ തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ റിസൽറ്റ് പ്രസിദ്ധീകരിച്ചു. www.ksicl.org എന്ന സൈറ്റിൽ സമ്മാനം ലഭിച്ച കുട്ടികളുടെ പേരും മാർക്കും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമ്മാനമായി ലഭിച്ച തുക രജിസ്ട്രേഷൻ സമയത്ത് നൽകിയ അക്കൗണ്ട് നമ്പറിൽ നിക്ഷേപിക്കുന്നതാണ്.**

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# ചിത്രശലഭങ്ങളെ കാണാനില്ല

**അമൃത് ശങ്കർ എൻ ഡി, ക്ലാസ് : 7 ,**
**സെന്റ് ആന്റണീസ് എ യു പി സ്കൂൾ, പഴൂർ, വയനാട്**

പച്ചപ്പ് നിറഞ്ഞ കുന്നുകളും അതിവിശാലമായ വയലുകളും ഉള്ള ഗ്രാമത്തിലാണ് എന്റെ കൊച്ചുവീട്. വീടിനടുത്തുകൂടി ഒഴുകുന്ന പുഴയും ചെറിയ അണക്കെട്ടും തെങ്ങിൻ തോപ്പുകളും എല്ലാം കൂടിച്ചേർന്ന സുന്ദരമായ ഒരു കൊച്ചുഗ്രാമം.

എന്റെ വീട്ടിൽ പശുക്കളും കോഴികളും മറ്റ് വളർത്ത് പക്ഷികളുമെല്ലാം ഉണ്ട്. ഇതുകൂടാതെ എനിക്ക് സ്വന്തമായി ഒരു കൊച്ചു പൂന്തോട്ടവുമുണ്ട്. ചെടികൾ എനിക്കിഷ്ടമാണ്. നേരിട്ട് മണ്ണിൽ നട്ട ചെടികൾ മാത്രമുള്ള എന്റെ പൂന്തോട്ടം എന്റെ മാത്രം ലോകമായിരുന്നു. ഓടിട്ട പഴയ തറവാടായിരുന്നു ഞങ്ങളുടെ വീട്.

എന്റെ പൂന്തോട്ടത്തിൽ നല്ല മണമുള്ള റോസയും മുല്ലയും ചെണ്ടുമല്ലിയും ചെത്തിയും ചെമ്പരത്തിയുമെല്ലാം ഉണ്ടായിരുന്നു. വണ്ടുകളും ചിത്രശലഭങ്ങളും എന്റെ പൂന്തോട്ടത്തിലെ നിത്യസന്ദർശകരായിരുന്നു. രാവിലെ ഞാൻ എഴുന്നേറ്റ് പൂന്തോട്ടത്തിലേക്കു നോക്കുമ്പോൾ ശലഭങ്ങൾ തേൻ കുടിക്കുന്നത് കാണാൻ നല്ല രസമാണ്. അതിലൊരു മഞ്ഞപ്പൂമ്പാറ്റ എന്നുമെന്റെ ജനലരികിൽ വന്നിരിക്കുമായിരുന്നു. ഞാൻ പൂന്തോട്ടത്തിലേക്കു പോകുമ്പോൾ എന്റെ മുന്നിൽ നിന്ന് പറന്നുപോകും. അതൊരു ഭംഗിയുള്ള കാഴ്ചയാണ്. ഈ ശലഭത്തിന് ഞാനൊരു പേരിട്ടു – മഞ്ഞപ്പാറ്റ. രാവിലെയും വൈകുന്നേരവും ചെടികൾ നനക്കുന്നതും കളപറിക്കുന്നതും ഞാനായതുകൊണ്ടാവാം പൂന്തോട്ടത്തിലെ ചെടികൾക്കും ശലഭങ്ങൾക്കുമെല്ലാം എന്നെക്കാണുമ്പോൾ പ്രത്യേക ഉണർവുള്ളതുപോലെ എനിക്ക് തോന്നുമായിരുന്നു. ചിലപ്പോഴൊക്കെ ഈ മഞ്ഞപ്പാറ്റ എന്റെ ഉടുപ്പിലും തോളിലും തലയിലുമൊക്കെ വന്നിരിക്കുമായിരുന്നു.

കഴിഞ്ഞവർഷമാണ് ഞങ്ങൾ പുതിയ വീട് പണിത് താമസം മാറിയത്. മുറ്റം കോൺക്രീറ്റ് ചെയ്തതിനാൽ പുതിയ വീടിന്റെ മുറ്റത്ത് പൂന്തോട്ടം ഉണ്ടായിരുന്നില്ല. എങ്കിലും നിറയെ ചെടിച്ചട്ടികൾ വച്ചിരുന്നു. നഴ്സറിയിൽ നിന്നും വാങ്ങിയ ഭംഗിയുള്ള, മണമില്ലാത്ത പൂക്കളായിരുന്നു അതിൽ. വല്ലപ്പോഴും എന്റെ പഴയ പൂന്തോട്ടത്തിൽ ഞാൻ സന്ദർശനം നടത്തും. ഞാൻ ചെല്ലുമ്പോൾ ആ മഞ്ഞപ്പാറ്റ എന്റെയരികിൽ പറന്നെത്തുമായിരുന്നു. പിന്നെപ്പിന്നെ ചിത്രശലഭങ്ങളെ കാണാതെയായി. മഞ്ഞപ്പാറ്റയും കൂട്ടുകാരും പൂന്തോട്ടത്തിലേക്കു വരാതെയായി. ചെടികൾ വാടിത്തുടങ്ങി, നിറവും മണവും ഇല്ലാതായി. എനിക്കാകെ സങ്കടമായി – ഞാൻ ആലോചിച്ചു എന്താണ് എന്റെ പൂന്തോട്ടത്തിലെ പൂമ്പാറ്റകൾക്ക് പറ്റിയത്?

എന്റെ അന്വേഷണം തുടർന്നു. ഒടുവിൽ ഞാൻ അറിഞ്ഞു, എന്റെ പുതിയ വീട്ടിലെ പൂച്ചെടികളിൽ നടത്തിയ വളപ്രയോഗവും മരുന്നടിയും കൊണ്ടാണ് എന്റെ പ്രിയപ്പെട്ട പൂമ്പാറ്റകൾ നശിക്കാൻ കാരണമായതെന്ന്.പൂമ്പാറ്റകൾ വരാതായതോടെ എന്റെ പഴയ പൂന്തോട്ടം നശിച്ചുപോയി. പ്രകൃതിയോട് ചെയ്ത തെറ്റിന് ഞാൻ എന്നും മാപ്പ് പറയാറുണ്ട്.



വര: സചീന്ദ്രൻ കാറഡുക്ക

# ബാലസാഹിത്യ ശില്പശാല

## കണ്ണൂർ



സാഹിത്യ ശില്പശാല കഥാകൃത്ത് ശ്രീ. ടി പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂരിൽ സംഘടിപ്പിച്ച സാഹിത്യ ശില്പശാല ഡിസംബർ 27ന് കഥാകൃത്ത് ശ്രീ. ടി പത്മനാഭൻ ഉദ്ഘാടനം ചെയ്തു. പ്രധാനപ്പെട്ട സാഹിത്യകാരന്മാരിൽ മിക്കവരും കുട്ടികൾക്കുവേണ്ടി എഴുതിയവരായിരുന്നു എന്നും മഹാകവി കുമാരനാശാൻ വലിയ ബാലസാഹിത്യകാരനായിരുന്നു എന്നും ശ്രീ. ടി പത്മനാഭൻ പറഞ്ഞു. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്ന ചടങ്ങിൽ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ 12 പുസ്തകങ്ങൾ ശ്രീ. ടി പത്മനാഭൻ പ്രകാശിപ്പിച്ചു. മേയർ ശ്രീ. ടി ഒ മോഹനൻ, ശ്രീ. കീച്ചേരി രാഘവൻ, ശ്രീ. മുകുന്ദൻ മഠത്തിൽ, ശ്രീ.പയ്യന്നൂർ കുഞ്ഞിരാമൻ, ശ്രീമതി. ജാനമ്മ കുഞ്ഞുണ്ണി എന്നിവർ സംസാരിച്ചു. തുടർന്ന് ശ്രീ. ടി പത്മനാഭനുമായി ക്യാമ്പംഗങ്ങൾ സംവദിച്ചു.

രണ്ട് ദിവസങ്ങളിലായി നടന്ന സാഹിത്യ ശില്പശാലയിൽ 'ജീവചരിത്രം കുട്ടികൾക്കായി എഴുതുമ്പോൾ' എന്ന വിഷയത്തിൽ ശ്രീ. പയ്യന്നൂർ കുഞ്ഞിരാമനും 'ബാലകഥകളുടെ സാമൂഹ്യജീവിതം' എന്ന വിഷയത്തിൽ ശ്രീ. ടി പി വേണുഗോപാലനും 'ബാലസാഹിത്യ രചന: മാറേണ്ട കാഴ്ചപ്പാടുകൾ / വിനിമയങ്ങൾ' എന്നതിൽ ശ്രീ.നാരായണൻ കാവുമ്പായിയും 'ബാലകവിതകളുടെ ചരിത്ര സഞ്ചാരം' എന്ന വിഷയത്തിൽ ശ്രീ. മാധവൻ പുറച്ചേരിയും ക്ലാസ്സുകൾ എടുത്തു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി 35 പേരാണ് ശില്പശാലയിൽ പങ്കെടുത്തത്. ശില്പശാലയുടെ സമാപനത്തോടനുബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ശ്രീ. എം കെ മനോഹരൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.



ശ്രീ. ടി പത്മനാഭൻ ക്യാമ്പംഗങ്ങളുമായി സംവദിക്കുന്നു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023
RNI No. 20076/70 February 2022
Regd KL/TV (N)/399/2021-2023 Published on 29-01-2022 Vol:29, Issue:02, ₹20

